ജൂൺ 5 - ലോക പരിസ്ഥിതിദിനം

# NEW VISION FOR A CHANGING WORLD

VOL. 4 ■ ISSUE 10 ■ JUNE 2004





പരിസ്ഥിതി മൗലികവാദികൾ പറയുന്നത് വേദപുസ്തകം ഇക്കോളജിയ്ക്ക് ഒട്ടും സഹായകമല്ലെന്നാണ്. ബൈബിളുപയോഗിച്ച് ഇക്കോളജി കൈകാര്യം ചെയ്യാനാവില്ല. ഭൂമിയെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്ക് ബൈബിളിൽ നിന്ന് യാതൊരു ഉൾപ്രേരണയോ ആവേശമോ ലഭിക്കില്ല.

**റവ. ഡോ. കെ. സി. ഏബ്രഹാം**

(പേജ് – 4)

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Dn. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt:Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Dn. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | |
|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

## CONTENTS


- **Ecology**
  വേദപുസ്തകം ഇക്കോളജി പഠനത്തിനു സഹായകമല്ല — 4
  *റവ. ഡോ. കെ.സി. ഏബ്രഹാം*
- **Tour & Travel**
  തീർത്ഥാടനത്തിനിടയിൽ — 5
  *ഡോ. ഏബ്രഹാം കരിക്കം*
- **Old Age Corner**
  വയോജനങ്ങളെ കരുതുക — 7
  *സിസ്റ്റർ ഡോ. ജോവാൻ ചുങ്കപ്പുര*
- **Science**
  'വ' കാര ത്രയങ്ങൾ നമ്മുടെ പൊതുസ്വത്ത് — 9
  *ഡോ. ജോർജ് എം. തോമസ്*
- **Devotional**
  Peace like a river — 10
- **Leadership**
  പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ — 11
  *സ്വാമിജി*
- **Religion**
  പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും — 12
  *ഡോ. അന്നമ്മ ജോർജ്*
- **Bible Story**
  കുരിശ് തളിരിടുന്ന കാലം — 13
  *റവ. രജി ഡാൻ കെ. ഫിലിപ്പോസ്*
- **Psychology**
  കുട്ടികളും പഠനവൈകല്യങ്ങളും — 15
  *ലിന്റാ ബഹനാൻ*
- **Glimpses**
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ — 17
  *ഡോ. കെ.വി. വർഗീസ്*
- **Music**
  Some Popular Hymns — 18
  *John Alexander*
- **Literary Review**
  പാർശ്വചിന്തകൾ — 20
  *ഡോ. സി.ജെ. റോയ്*
- **Rain Water Storage**
  മഴവെള്ള സംഭരണം — 21
  *കർദിനാൾ മാർ വർക്കി വിതയത്തിൽ*
- **News & Responses** — 22
- **Church Affairs**
  *The Communion of Churches in India* — 23


## EDITORIAL

### പരിസ്ഥിതി സംരക്ഷണം

ലോക പരിസരദിനമാണ് ജൂൺ 5. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാനായി ഐക്യ രാഷ്ട്രസഭ വേർതിരിച്ചിരിക്കുന്ന ദിവസം. പരിസ്ഥിതി സംരക്ഷണം ക്രൈസ്തവസഭയുടെ അജണ്ടയിലില്ലാതിരുന്നതുകൊണ്ടാവാം സഭകൾ പരിസരദിനാഘോഷങ്ങളിൽ ക്രിയാത്മകമായി പങ്കാളികളാകാതിരുന്നത്.

ക്രിസ്തീയ ദൈവശാസ്ത്രത്തിലെ പരമ്പരാഗതമായ മനുഷ്യ കേന്ദ്രീകൃതസമീപനങ്ങൾ മനുഷ്യവർഗ്ഗത്തിനു മാത്രം അനുകൂലവും മറ്റു ജീവജാലങ്ങൾക്ക് പ്രതികൂലവുമായ നിലപാടാണ് പൊതുവെ സ്വീകരിച്ചു പോന്നത്. പ്രകൃതിയുടെ മേലുള്ള ചൂഷണവും അക്രമവും ഇനി തുടരുവാൻ സാദ്ധ്യമല്ലെന്നും അടിയന്തരമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ മനുഷ്യവർഗ്ഗം മുഴുവൻ ഇതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുമെന്നുമുള്ള സ്ഥിതിയിലായിരിക്കയാണ്. കാലാവസ്ഥയിൽ അപ്രതീക്ഷിതമായുണ്ടാകുന്ന മാറ്റങ്ങൾ ജനങ്ങളെ പല വിധത്തിലാണ് ദുരിതത്തിലാഴ്ത്തുക. ആധുനികയുഗത്തിന്റെ നിർണ്ണായക പ്രശ്നങ്ങളായി മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി മലിനീകരണവും പ്രകൃതിവിഭവങ്ങളുടെ ചൂഷണവും അസന്തുലിതാവസ്ഥയുമൊക്കെ ഗൗരവമായി കാണേണ്ടവയാണ്. സമൂഹത്തിന്റെ കാലികാവശ്യങ്ങൾ മനസ്സിലാക്കി വേണ്ടതു ചെയ്യേണ്ടത് ക്രിസ്തീയസഭയുടെ ഉത്തരവാദിത്വവും സുവിശേഷീകരണത്തിന്റെ ഭാഗവുമാണ്. ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നാമെല്ലാം ദൈവത്തിന്റെ സ്വന്തവുമായിരിക്കെ ഒരു ക്രിസ്തീയ വിശ്വാസി ദൈവിക സൃഷ്ടിയായ പ്രകൃതിയോട് വേറിട്ടും ഉത്തരവാദിത്വമില്ലാതെയുമിരിക്കുന്നത് ശരിയല്ല. ചില സഭകൾ ഈ ദർശനം ഉൾക്കൊണ്ടു പ്രവർത്തിക്കുവാൻ ആരംഭിച്ചിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്. വർഷത്തിൽ ഒരു ഞായറാഴ്ച ഇക്കോളജി സണ്ടേയായി വേർതിരിച്ച് പ്രത്യേക ആരാധനയും പ്രസംഗങ്ങളും ക്രമീകരിച്ചുവരികയാണ്. പരിസ്ഥിതി സംരക്ഷണത്തിൽ പുതിയ മാതൃകകൾ സൃഷ്ടിക്കുവാൻ ക്രൈസ്തവസഭകൾക്കു സാധിക്കണം. അതിനിടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

### തിരഞ്ഞെടുപ്പ് നൽകുന്ന പാഠം

പൊതുജനത്തെ കഴുതയാക്കുവാൻ ശ്രമിച്ചവർ ഇന്ന് നിരാശരാണ്. കാരണം, വാർത്താവിനിമയരംഗത്തുണ്ടായ വളർച്ച നിമിത്തം ലോകത്തെവിടെയും നടക്കുന്ന കാര്യങ്ങൾ ജനങ്ങൾ തൽസമയം കണ്ട് ബോദ്ധ്യപ്പെട്ടു വരികയാണ്. 'ഇന്ത്യ തിളങ്ങുന്നു' എന്ന പരസ്യത്തിലൂടെ പൊതു ഖജനാവിൽ നിന്ന് 450 കോടി രൂപയോളം ചിലവഴിച്ചിട്ടും ഭരണകക്ഷിക്ക് ജനങ്ങളെ കബളിപ്പിക്കാനായില്ല. പട്ടിണിപ്പാവങ്ങളുള്ള ഒരു രാജ്യത്ത് രാമക്ഷേത്രം പണിയുന്നതാണോ പ്രധാന വിഷയം? ഉന്നത ശ്രേണിയിലുള്ളവരുടെ സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നതോടെ ഇന്ത്യ വികസനത്തിന്റെ പാതയിലാണെന്നു കരുതാനാവുമോ? മതശക്തികൾക്ക് മുൻതൂക്കം നൽകുന്ന സർക്കാർ എല്ലാവരെയും തുല്യരായി കരുതുമെന്ന് ചിന്തിക്കാനാവുമോ? ഹിന്ദുവർഗീയത വളർത്തി അധികാരത്തിൽ പിടിച്ചുനിൽക്കുവാനുള്ള ശ്രമങ്ങൾക്ക് വോട്ടർമാരായ ജനങ്ങൾ മറുപടി നൽകിക്കഴിഞ്ഞിരിക്കയാണ്. നമുക്കു വേണ്ടത് ഒരു മതേതര ഗവൺമെന്റാണ്. വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭിക്കണം - പ്രത്യേകിച്ച്, പാവപ്പെട്ടവർക്ക്. കോൺഗ്രസ്സിലെ ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ കേന്ദ്രത്തിൽ അധികാരമേറ്റ ഐക്യപുരോഗമനസഖ്യ സർക്കാർ അതിനായി ശ്രമിക്കുമെന്ന് പ്രത്യാശിക്കാം.

വൻ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാർ ഭരിക്കാനാവാതെ തമ്മിലടിച്ചു സമയം കളയുന്ന ദയനീയ കാഴ്ചയാണ് കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിൽ നാം കണ്ടത്. കോൺഗ്രസ്സിലെ ഗ്രൂപ്പ് വഴക്കു കണ്ട് മനം മടുത്ത ജനങ്ങൾ നേതാക്കന്മാർക്ക് ഉഗ്രൻ താക്കീതാണു നൽകിയിരിക്കുന്നത്. പതിനാലാം ലോക്സഭയിലേക്കു നടന്ന തിരഞ്ഞെടുപ്പ് രാഷ്ട്രീയ പാർട്ടികൾക്കെല്ലാം നല്ലയൊരു പാഠമാണ്. അതു മനസ്സിലാക്കി പ്രവർത്തിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു സാധിക്കണം.

*ചീഫ് എഡിറ്റർ*



# വേദപുസ്തകം ഇക്കോളജി പഠനത്തിനു സഹായകമല്ല

റവ. ഡോ. കെ. സി. എബ്രഹാം

***മൂന്നാംലോക ദൈവശാസ്ത്രജ്ഞനെന്ന നിലയിൽ വിഖ്യാതനാണ് ലേഖന കർത്താവ്. അദ്ദേഹം ജനുവരി 14-ന് മാങ്ങാനത്തു ചെയ്ത പ്രഭാഷണത്തിന്റെ സംഗ്രഹമാണ് താഴെക്കൊടുത്തിരിക്കുന്നത്. ഇതിലെ ആശയങ്ങളോടു വിയോജിപ്പുണ്ടെങ്കിൽ നിങ്ങളുടെ കുറിപ്പുകൾ ന്യൂ വിഷനിൽ ചേർക്കാനായി അയച്ചുതരിക.*** ***- ചീഫ് എഡിറ്റർ***

> സ്ത്രീകളുടെ നീതിയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ വേദപുസ്തകത്തിൽ നിന്ന് യാതൊന്നും ലഭിക്കാത്തതിനാൽ വേദപുസ്തകം തിരസ്കരിക്കണമെന്നു പറയുന്നവരുമുണ്ട്.

**ദൈ**വശാസ്ത്രപഠനത്തിന് ഇക്കോളജി ഒരു വെല്ലുവിളിയാണ്. ദൈവശാസ്ത്രപഠനത്തിന്റെ അടിസ്ഥാനം മനുഷ്യനും അവന്റെ ചരിത്രവുമാണെന്നതാണ് കാരണം. ദൈവശാസ്ത്രം, ചരിത്രത്തിൽ ദൈവത്തിന്റെ ഇടപെടലിനെക്കുറിച്ചാണ്. ഹ്യൂമനിസമെന്നത് ദൈവശാസ്ത്രഘടനയിൽ പ്രാധാന്യമുള്ള ഒരു വിഷയമാണ്. പ്രശസ്ത ദൈവശാസ്ത്രജ്ഞനായിരുന്ന ഡോ. എം. എം. തോമസിന്റെ ചിന്താഗതിയിലും ഹ്യൂമനിസം വളരെ ശക്തമായിരുന്നു. ഒരു പുതിയ മനുഷ്യൻ എന്ന ആശയമാണ് സുവിശേഷം നമുക്കു നൽകുന്നത്. വേദപുസ്തകം വായിക്കേണ്ടത് ചരിത്രപശ്ചാത്തലം മനസ്സിലാക്കിയായിരിക്കണമെന്ന് പ്രശസ്ത ദൈവശാസ്ത്രജ്ഞന്മാർ പറഞ്ഞിട്ടുണ്ട്. ഒരു കാഴ്ചപ്പാടനുസരിച്ച്, വേദപുസ്തകം തുടങ്ങേണ്ടത് സൃഷ്ടി സംഭവത്തിലല്ല, പിന്നെയോ, ഇസ്രയേൽ ജനതയുടെ ചരിത്രത്തിൽ നിന്നാകണം. പുറപ്പാടു പുസ്തകത്തിൽ നിന്നു വേണം സൃഷ്ടികഥയിലേക്കു വരാൻ. ചരിത്രകേന്ദ്രീകൃതവും മനുഷ്യകേന്ദ്രീകൃതവുമായ ഒരു ദൈവശാസ്ത്രവ്യാഖ്യാനമാണ് ഇന്നു നടക്കുന്നത്. വൈദികസെമിനാരികളിൽ പഠിച്ചതും പഠിപ്പിക്കുന്നതുമെല്ലാം ഈ രീതിയിലാണ്. നിലവിലുള്ള വേദപഠനത്തിലും ദൈവശാസ്ത്രവ്യാഖ്യാനത്തിലും ഇക്കോളജിക്ക് വലിയ സ്ഥാനമില്ല. ഇതാണ് ഇന്നത്തെ വെല്ലുവിളി.



പാരിസ്ഥിതിക പ്രശ്നങ്ങൾ ദൈവശാസ്ത്ര വ്യാഖ്യാനത്തിനു ഒരു പുതിയ പരിവേഷം നൽകിയിരിക്കയാണ്. മനുഷ്യന്റെയും ചരിത്രത്തിന്റെയും വീണ്ടെടുപ്പ് വളരെ പ്രാധാന്യമർഹിക്കുന്നെങ്കിലും സൃഷ്ടിയെ കാണാതെയുള്ള ചരിത്രം അപൂർണ്ണമാണെന്ന കാഴ്ചപ്പാടിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്. ഒരു പുതിയ സൃഷ്ടിയെയാണ് ക്രിസ്തു നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്നത്. മനുഷ്യകേന്ദ്രീകൃതവും പുരുഷകേന്ദ്രീകൃതവുമായ വേദവ്യാഖ്യാനങ്ങൾ ഭൂമികേന്ദ്രിതമായ വ്യാഖ്യാനത്തിലേക്കു മാറിയേ പറ്റൂ. അങ്ങനെ മാറുന്നതിന് ഒരു പ്രശ്നമുണ്ട്. വേദപുസ്തകത്തിന്റെ നല്ല പങ്കും മനുഷ്യകേന്ദ്രീകൃതമാണ്. അവിടെ ഭൂമിയ്ക്ക് വലിയ സ്ഥാനമില്ല. ഭൂമിയെ മനുഷ്യന്റെ ഉപയോഗത്തിനായുള്ള ഒന്നായിട്ടാണ് കണ്ടിരിക്കുന്നത്. ഈ സത്യം തുറന്നു സമ്മതിക്കുവാനുള്ള മനസ്സ് നമുക്കില്ല. നമ്മുടേതായ ഒരു ചട്ടക്കൂടിലാണ് നാം കാര്യങ്ങൾ കാണുന്നത്. നാം ഒരു സത്യം തുറന്നു സമ്മതിക്കുക. നമുക്കു ലഭിച്ചിരിക്കുന്ന വേദപുസ്തകം മനുഷ്യകേന്ദ്രീകൃതമാണ്; ഭൂമികേന്ദ്രീകൃതമല്ല.

ഭൂമിയെക്കുറിച്ചു പറയുമ്പോൾ നാം ചൂണ്ടിക്കാണിക്കാറുള്ളത് എട്ടാം സങ്കീർത്തനമാണ്. അവിടെ ദൈവം മനുഷ്യനു താഴെയാണ് ഭൂമിയെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഭൂമി മനുഷ്യന്റെ ഉപയോഗത്തിനുള്ളതാണ്. ഭൂമിയിലെ സകല ജീവജാലങ്ങളും മനുഷ്യനു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇനി സൃഷ്ടികഥയിലേക്കു വരിക. അവിടെയും മനുഷ്യനാണ് സൃഷ്ടിയുടെ മകുടം. മനുഷ്യന്റെ ആധിപത്യമാണ് അവിടെ വ്യക്തമാക്കുന്നത്. മേധാവിത്വം എന്ന പരുക്കൻ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട്, പരിസ്ഥിതി മൗലികവാദികൾ പറയുന്നത് വേദപുസ്തകം, ഇക്കോളജിയ്ക്ക് ഒട്ടും സഹായകമല്ലെന്നാണ്. ബൈബിളുപയോഗിച്ച് ഇക്കോളജി കൈകാര്യം ചെയ്യാനാവില്ല. ഭൂമിയെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്ക് ബൈബിളിൽ നിന്ന് യാതൊരു ഉൾപ്രേരണയോ ആവേശമോ ലഭിക്കില്ല. ഇക്കോളജി സംബന്ധമായി ബൈബിൾ ഗുണത്തേക്കാളേറെ ദോഷമാണു ചെയ്യുന്നതെന്ന് പറയുന്നവരുണ്ട്. ഈ വിവാദം നാം മനസ്സിലാക്കണം. നാം വേദപുസ്തകം തിരസ്കരിക്കണോ? അതോ, വേദപുസ്തക സത്യം മനസ്സിലാക്കി പരിസ്ഥിതി സംരക്ഷണത്തിൽ വേദപുസ്തകം ഉപയോഗിക്കാമോ?

ഫെമിനിസ്റ്റു ദൈവശാസ്ത്രജ്ഞന്മാർ പറയുന്നത് വേദപുസ്തകത്തിൽ അധികാരശ്രേണിയ്ക്കനുകൂലമായ ഒരു പക്ഷം പിടിക്കലുണ്ടെന്നാണ്. സ്ത്രീകളുടെ പക്ഷത്തുനിന്ന് കാര്യങ്ങളെ മനസ്സിലാക്കുവാൻ വേദപുസ്തകം ശ്രമിക്കുന്നില്ല. സ്ത്രീകളുടെ നീതിയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ വേദപുസ്തകത്തിൽ നിന്ന് യാതൊന്നും ലഭിക്കാത്തതിനാൽ വേദപുസ്തകം തിരസ്കരിക്കണമെന്നു പറയുന്നവരുമുണ്ട്. മറ്റു ചില ഫെമിനിസ്റ്റുകൾ പറയുന്നത് പുരുഷ മേധാവിത്വം ഉണ്ടെന്നറിഞ്ഞു കൊണ്ടു തന്നെ വേദപുസ്തകത്തിൽ നിന്ന് ചില സത്യങ്ങൾ കണ്ടെത്തുവാൻ നാം ശ്രമിക്കണമെന്നാണ്. ഇവർ വികസിപ്പിച്ചെടുത്തതാണ് ഫെമിനിസ്റ്റ് ഹെർമന്യൂട്ടിക്സ്. ഇതിനു രണ്ടു വശങ്ങളുണ്ട്. ഒന്ന്, അവർ ആരംഭിക്കുന്നത് സംശയത്തോടെ

*(ശേഷം പേജ് 6)*

# തീർത്ഥാടനത്തിനിടയിൽ



ഡോ. എബ്രഹാം കരിക്കം

## യൂണിവേഴ്സിറ്റികൾ സമാധാനത്തിന്റെ വക്താക്കൾ

അമേരിക്കയുടെ തലസ്ഥാനമായ വാഷിങ്ടൺ ഡി.സി.യിൽ നിന്ന് 90 മൈൽ തെക്കോട്ടു സഞ്ചരിച്ചാൽ വെർജിനിയയിലെ ഹാരിസൻബർഗിലെത്താം. ഏതാണ്ട് 85 വർഷം പഴക്കമുള്ള ഒരു യൂണിവേഴ്സിറ്റിയുണ്ടവിടെ. ഈസ്റ്റേൺ മെനൊനൈറ്റ് യൂണിവേഴ്സിറ്റി. മദ്യവും മയക്കുമരുന്നും പുകവലിയുമൊന്നുമില്ലാത്ത കാമ്പസ്. അമേരിക്കയിൽ ഇതു സാദ്ധ്യമോ എന്നായിരിക്കും എല്ലാവരുടെയും ചിന്ത. കുഞ്ഞുങ്ങൾ പഠിക്കുന്ന കലാലയങ്ങളിൽ പോലും കഞ്ചാവും മറ്റും വിൽക്കുന്ന തട്ടുകടകളും, ഐസ്ക്രീമിൽ മയക്കുമരുന്നു ചേർത്തു വിൽക്കുന്ന പതിവും ഒരിക്കൽ കേരളത്തിലുണ്ടായിരുന്നു. ഇന്നതിനു കുറെയൊക്കെ അറുതി വന്നിട്ടുണ്ട്.

മെനൊനൈറ്റ് സഭ സമാധാനത്തിന്റെ ശക്തൻമാരായ വക്താക്കളാണ്. അവരുടെ അംഗങ്ങൾ നിർബന്ധിത മിലിട്ടറി സേവനത്തിനു പോകാറില്ല. പണ്ട് ആ നിയമം നടപ്പാക്കാനാരംഭിച്ചപ്പോൾ പട്ടാളത്തിൽ ചേരാൻ മടിച്ചതിന് മുഹമ്മദാലിയെപ്പോലും ജയിലിലടയ്ക്കാൻ അവർ മടികാണിച്ചില്ലെന്നോർക്കണം. മെനൊനൈറ്റ് സഭയുമായി വളരെ അടുത്ത ബന്ധമാണ് ആഷിഷ് കമ്യൂണിറ്റിക്കുള്ളത്. അവരാകട്ടെ, ടെലിവിഷനും വൈദ്യുതിയും കാറ്റും ഒന്നും ഉപയോഗിക്കുന്നില്ല. എത്രയൊക്കെ വാങ്ങിച്ചുകൂട്ടിയാലും കൊതി തീരില്ലന്ന മട്ടിൽ നടക്കുന്ന ആഗോളീകരണത്തിന്റെ മക്കൾ ഇതൊക്കെ പ്രത്യേകം ശ്രദ്ധിക്കണം. ഇതും അമേരിക്കയിൽത്തന്നെയാണ്.

മെനൊനൈറ്റ് യൂണിവേഴ്സിറ്റി ഇന്ന് ലോകശ്രദ്ധ പിടിച്ചു പറ്റിയിരിക്കുന്നത് വർഷം തോറും നടത്തുന്ന പീസ് ബിൽഡിംഗ് സമ്മർ ഇൻസ്ടിട്യൂട്ടിലൂടെയാണ്. യുദ്ധക്കൊതിയന്മാർക്കുനേരെ വെല്ലുവിളി ഉയർത്തിക്കൊണ്ട് സമാധാനത്തിന്റെ വെള്ളരിപ്രാവുകളെ പറത്തിവിടാൻ അവർ തത്രപ്പെടുന്നു. അതിന് ആവേശോജ്വലമായ പിന്തുണയും ലഭിക്കുന്നു. പ്രശ്ന സങ്കീർണ്ണമായ പ്രദേശങ്ങളിലുള്ളവരെയാണ് കൂടുതലും ഈ സമ്മർ കോഴ്സുകളിലേക്കു അവർ കൊണ്ടുവരുന്നത്. 30 വർഷങ്ങളായി ചീറിപ്പായുന്ന വെടിയുണ്ടകൾക്കു നടുവിൽ കഴിയുന്ന ശ്രീലങ്കയിലെ ജാഫ്ന തീരത്തുള്ളവരും ചൈനയുടെ അധീശത്വത്തിലുഴലുന്ന ടിബറ്റിലെ പ്രതിനിധികളും അക്കൂട്ടത്തിലുണ്ടാവും. അതുപോലെ ഈസ്റ്റ് ടിമോറിൽ നിന്നും കോംഗോയിൽ നിന്നുമുള്ളവർ. എന്തിന്? നാഗാലാൻഡിലെ പരസ്പരം മല്ലടിക്കുന്ന ഗോത്രവർഗ്ഗക്കാർ വരെ. ദശകങ്ങളായി നടത്തുന്ന പോരാട്ടങ്ങളുടെ പേടിപ്പെടുത്തുന്ന കഥകളും, സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവർ അനുഭവിക്കുന്ന ദുരിതങ്ങളും എല്ലാവരും വർണ്ണിക്കുമ്പോൾ മനസ്സിന്റെ അടിത്തട്ടിൽ നിന്നുയരുന്ന ചോദ്യം-എല്ലാം എന്തിനുവേണ്ടി? നാളെ ആയിരങ്ങൾക്കു സ്വർഗ്ഗമുണ്ടാക്കാൻ ഇന്ന് പതിനായിരങ്ങളെ നിത്യനരകത്തിൽ ബലി കഴിക്കുന്ന അക്രമശാസ്ത്രം.

> വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം മനുഷ്യനെ മനുഷ്യനാക്കുകയെന്നതാണ്. ഇന്ത്യ ഭ്രാന്താലയമായി വളരാതിരിക്കണമെങ്കിൽ യുവജനങ്ങൾ സമാധാനത്തിന്റെ പതാകവാഹകരാകണം. അതിന് കലാലയങ്ങൾക്കു വളരെയേറെ ചെയ്യാനുണ്ട്.

യൂണിവേഴ്സിറ്റികൾ എന്തിന് ഇത്തരം കാര്യങ്ങൾ ചെയ്യുന്നുവെന്നു ചോദിച്ചാൽ, ലോകത്തുള്ള എല്ലാ യൂണിവേഴ്സിറ്റികളും ഇങ്ങനെ ചെയ്താൽ യുവജനങ്ങളെ അക്രമസംസ്കാരത്തിൽ നിന്നു വിടുവിക്കാനാവുമെന്നായിരിക്കും അവരുടെ മറുപടി.

ലോകത്തിപ്പോൾ നടക്കുന്ന മിക്ക സംഘട്ടനങ്ങളും മതവിദ്വേഷത്തിന്റെ പേരിലാണെന്നത് നമ്മെ ഭയപ്പെടുത്തുന്നു. ഗോദ്ധ്രയിൽ ഒരു കൂട്ടർ 50 പേരെ ട്രെയിനിലിട്ടു കത്തിച്ചപ്പോൾ പിറ്റേന്നു ഗുജറാത്തിൽ രണ്ടായിരത്തോളം പേർ ദാരുണമായി കൊല ചെയ്യപ്പെട്ടു. അവർ എന്തു കുറ്റം ചെയ്തവരാണ്? ലോകമെമ്പാടും നടക്കുന്ന കൂട്ടക്കുരുതികൾ ഇത്തരം കഥകൾ പറയുന്നു. മനുഷ്യമനസ്സിനെ നന്നായി കൈകാര്യം ചെയ്യാനറിയുന്ന മനഃശാസ്ത്ര വിദഗ്ധർ ഇതിന്റെയൊക്കെ പിന്നിലുണ്ട്. രതി, ഹാസം, ശോകം, ക്രോധം, അത്ഭുതം, രൗദ്രം, ഭയം, ബീഭത്സം, ശമ തുടങ്ങി ഒൻപതു സ്ഥായീഭാവങ്ങൾ മനുഷ്യരിൽ അന്തർലീനമായിട്ടുണ്ട്. കടുത്ത വികാരങ്ങളാകയാൽ ഇവയിൽ ഏതു വേണമെങ്കിലും ആളിക്കത്തിക്കാനാവും. പള്ളിയും അമ്പലവും പൊളിച്ച് മനുഷ്യരിലെ ക്രോധഭാവത്തെ ആളിക്കത്തിക്കാമെന്ന് എല്ലാരും പഠിച്ചു കഴിഞ്ഞു. അപകടം പിടിച്ച പള്ളികൾ വേണ്ടെന്നു പറയാൻ ഒരു കാൾ മാർക്സും ഇന്നു ജനിക്കുന്നുമില്ല. പരസ്പരം കഴുത്തറക്കുന്നവരുടെ നടുവിൽ നിൽക്കാൻ ഒരു ഗാന്ധിജിയുമില്ലല്ലൊ.

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം മനുഷ്യനെ മനുഷ്യനാക്കുകയെന്നതാണ്. ഈശ്വരനാകാനും ചെകുത്താനാകാനുമുള്ള സ്വാതന്ത്ര്യം മനുഷ്യനിൽത്തന്നെയുണ്ട്. ആ സത്യം യുവജനങ്ങൾക്കു പകർന്നു കൊടുക്കാനുള്ള കടമ കലാലയങ്ങൾക്കില്ലേ? കുറെ കപട ബുദ്ധിജീവികളെ സൃഷ്ടിച്ചിട്ടെന്തു കാര്യം? **കേരളത്തിൽ ഒരുപാടു പുത്തൻ കോളജുകൾ ഉടലെടുത്തിട്ടുണ്ട്. നാളത്തെ തലമുറയ്ക്കു എന്തു മൂല്യബോധമാണ് ഇവിടങ്ങളിൽ ലഭിക്കുകയെന്ന് കാര്യമായി ആലോചിക്കണം. ക്രൂസേഡുകളുടെ സംസ്കാരമാണോ, അതോ സമന്വയത്തിന്റെയും ഊഷ്മള സ്നേഹത്തിന്റെയും സന്ദേശമാണോ ഇവർക്കു ലഭിക്കേണ്ടത്?**

ഇന്ത്യ ഭ്രാന്താലയമായി വളരാതിരിക്കണമെങ്കിൽ യുവജനങ്ങൾ സമാധാനത്തിന്റെ പതാകവാഹകരാകണം. അതിന് കലാലയങ്ങൾക്കു വളരെയേറെ ചെയ്യാനുണ്ട്. അതോടൊപ്പം, സമാധാന പ്രസ്ഥാനങ്ങളുടെ ശക്തമായ കൂട്ടായ്മകൾ വളരുകയും വേണം. അതിനായി നമുക്കു കൈകോർക്കാം.

## വേദപുസ്തകം ഇക്കോളജി പഠനത്തിനു സഹായകമല്ല

യാണ്. എന്തിനാണ്, ആരാണ്, ഇതെഴുതിയത്? പേട്രിയാർക്കൽ വീക്ഷത്തിലാണോ എഴുതിയത്? രണ്ട്, കണ്ടെത്തൽ. പക്ഷം പിടിക്കാതെ സത്യം കണ്ടെത്താനാവുമോ?

ഇക്കോളജിയുടെ കാര്യത്തിലും ഈയൊരു ദൈവശാസ്ത്ര വിശകലനം അനിവാര്യമായിരിക്കുന്നു. വേദപുസ്തക എഴുത്തുകാരെക്കുറിച്ചുള്ള ചില സംശയങ്ങളിൽ നിന്നു തന്നെ തുടങ്ങു. പ്രത്യേകിച്ച്, ഭൂമിയെക്കുറിച്ചുള്ള അവരുടെ വീക്ഷണത്തിൽ നിന്ന്. പണ്ടുകാലത്തെ സാംസ്കാരിക വീക്ഷണം ഭൂമിയും മനുഷ്യനും തുല്യരീതിയിൽ കാണേണ്ടവയല്ലെന്നാണ്. മനുഷ്യനു കീഴെയുള്ളതാണ് ഭൂമിയെന്ന് അവർ കരുതി. ഭൂമിയ്ക്കെതിരെയുള്ള വീക്ഷണങ്ങൾ വേദപുസ്തകത്തിൽ വരാൻ കാരണമിതാണ്. ഈയൊരു കണ്ടെത്തൽ നടത്തിയതിനുശേഷം ദൈവോദ്ദേശ്യം വേദപുസ്തകത്തിൽ നിന്നു മനസ്സിലാക്കുവാൻ ശ്രമിച്ചാൽ കൂടുതൽ പൂർണ്ണതയുളവാകും.

വേദഭാഗത്തിൽ ഭൂമിയുടെ സ്ഥാനമെന്താണ്? ഭൂമിയുടെ സുസ്ഥിരത ലക്ഷ്യമിടുന്ന നാം ഈ ഭാഗം എങ്ങനെയായിരിക്കണമെന്നാഗ്രഹിക്കുന്നു? വേദപുസ്തക എഴുത്തുകാർ അവരുടെ ക്ഷേമം, രക്ഷ, ദൈവവുമായുള്ള ബന്ധം തുടങ്ങിയവ പ്രതിപാദിക്കുവാനാണു തുനിഞ്ഞത്. വേദപുസ്തക രചയിതാക്കൾ പുരുഷന്മാരായതിനാൽ പുരുഷകേന്ദ്രീകൃതമാണെന്നതു വ്യക്തമാണ്. അതുകൊണ്ട്, അധികാരശ്രേണിയെ പിന്താങ്ങിക്കൊണ്ടാണ് വേദപുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ, ഭൂമികേന്ദ്രീകൃതമായി വേദപുസ്തകം വായിക്കുന്നത് വളരെ പ്രയാസമുള്ള ഏർപ്പാടാണ്. വേദപുസ്തക വ്യാഖ്യാനത്തിൽ പാശ്ചാത്യ ദ്വന്ദ്വഭാവം (dualism) സ്വാധീനിച്ചിട്ടുണ്ട്. പരസ്പരവിരുദ്ധമായ കാര്യങ്ങളിൽ ഒന്ന് മേന്മയേറിയതും മറ്റേതു മോശവും എന്ന രീതി. മനുഷ്യൻ മേന്മയേറിയത്, പ്രകൃതി മോശം; പുരുഷൻ മേലാൾ, സ്ത്രീ കീഴാൾ തുടങ്ങിയ ആശയങ്ങൾ വേദപുസ്തക എഴുത്തുകാരെയും വ്യാഖ്യാതാക്കളെയും സ്വാധീനിച്ചിട്ടുണ്ട്. മറ്റൊരു പദം 'സ്വർഗ്ഗവും ഭൂമിയും' എന്നതാണ്. സ്വർഗ്ഗം മികച്ചത്, ഭൂമി താഴ്ന്നത്. പക്ഷേ എബ്രായഭാഷയിൽ ഇങ്ങനെയല്ല കാണുന്നത്. ആകാശവും ഭൂമിയും എന്നാണ്. സ്വർഗ്ഗം, ഭൂമി എന്ന പ്രയോഗത്തിൽ അധികാരശ്രേണി കാണാം. അതുകൊണ്ട്, വേദപുസ്തകവ്യാഖ്യാനം ഒരു വിമർശന കാഴ്ചപ്പാടോടെ വേണം കാണുവാൻ.

വേദപുസ്തകത്തിൽ നിന്ന് ശരിയായ അർത്ഥം മനസ്സിലാക്കുവാൻ ആറു തത്വങ്ങൾ പറയുന്നുണ്ട്. Eco-justice principle എന്ന് അതിനെ വിളിക്കാം.

- **Principle of intrinsic word**

ഈ പ്രപഞ്ചത്തിനും മനുഷ്യനും അവരുടേതായ മൂല്യങ്ങളും പ്രാധാന്യവുമുണ്ട്. മനുഷ്യാവകാശങ്ങൾ പോലെ പ്രകൃതിയ്ക്കും അവകാശങ്ങളുണ്ട്. മൃഗങ്ങൾക്കും ചെടികൾക്കും അവയുടേതായ അവകാശങ്ങളുണ്ട്. -biotic right . വേദപുസ്തകം പഠിക്കുമ്പോൾ ഈ അവകാശങ്ങളെക്കുറിച്ചു മനസ്സിലാക്കി വേണം വ്യാഖ്യാനിക്കുവാൻ.

- **Principle of interconnectedness**

അന്യോന്യം ആശ്രയിച്ചും ബന്ധപ്പെട്ടും ഒരുമിച്ചു താമസിക്കുന്ന സമൂഹമാണ് ഭൂമി. അന്യോന്യം ബന്ധമുള്ളപ്പോൾ അന്യോന്യം ഉത്തരവാദിത്വവുമുണ്ട്. ജീവനില്ലാത്തവയ്ക്ക് ജീവനുള്ളവയോടും ജീവനുള്ളവയ്ക്ക് ജീവനില്ലാത്തവയോടും ഉത്തരവാദിത്വമുണ്ട്. ദേവപുസ്തകം പഠിക്കുമ്പോൾ അന്യോന്യബന്ധം ഉറപ്പാക്കി വേണം വ്യാഖ്യാനിക്കുവാൻ.

- **Principle of voice**

ഭൂമിയ്ക്ക് അതിന്റേതായ ഒരു ശബ്ദമുണ്ട്. ഭൂമിയ്ക്കെതിരെ അനീതിയുണ്ടാകുമ്പോൾ അത് ശബ്ദിക്കും. അനീതിയ്ക്കെതിരെ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റവും കുടിവെള്ളക്ഷാമവും ഭൂമി കുലുക്കവും ഭൂമിയുടെ ശബ്ദമാണ്.

- **Principle of purpose**

പ്രപഞ്ചവും ഭൂമിയും അതിലെ ഘടകങ്ങളും ചലനാത്മകമായ ആഗോളസൃഷ്ടിയുടെ ഭാഗമായി വ്യക്തമായ ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. പ്രപഞ്ചത്തിന്റെ നിലനിൽപ്പിൽ ഓരോ ഘടകത്തിനും അതിന്റേതായ പങ്കുണ്ട്. ഉദാഹരണമായി, ഓക്സിജനും കാർബൺ ഡയോക്സൈഡും.

- **Principle of mutual custodianship**

നേരത്തെ ഉപയോഗിച്ചിരുന്നത് 'കാര്യസ്ഥൻ' എന്ന വാക്കാണ്. ഇന്നത് അന്യോന്യ രക്ഷാകർത്താക്കൾ എന്നാണ്. മനുഷ്യൻ ഭൂമിയുടെയും ഭൂമി മനുഷ്യന്റെയും രക്ഷാകർത്താക്കളാണ്.

- **Principle of resistance**

അനീതിയെ ഭൂമി പലപ്പോഴും അതിന്റേതായ ശൈലിയിൽ ചെറുക്കാറുണ്ട്.

ഈ തത്വങ്ങൾ ഉൾപ്പെടുത്തി വേണം വേദവ്യാഖ്യാനത്തിൽ ഒരു പുതിയ ദർശനം ഉണ്ടാകുവാൻ. ഏതു കാഴ്ചപ്പാടിലാണ് നിങ്ങൾ വേദപുസ്തകം വായിക്കുന്നത്? രണ്ടു കാഴ്ചപ്പാടുകളുണ്ട്. ഭൂമിയെ കരുതേണ്ടയാവശ്യമില്ല. മനുഷ്യന്റെ മേധാവിത്വത്തിൽ കാര്യങ്ങൾ പോയാൽ മതി. എങ്കിൽപ്പിന്നെ യാതൊരു പ്രതിസന്ധിയുമില്ല. ഭൂമിയെ ഗൗരവമായി കാണണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ വേദപുസ്തക വ്യാഖ്യാനത്തിനു പുതിയ ഉൾക്കാഴ്ചയുണ്ടാവണം. അതിന് സഹായകമായ ചില തത്വങ്ങളാണ് ഇപ്പോൾ വിവരിച്ചത്. ഈ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വേദപുസ്തകം വായിച്ചാൽ മാത്രമേ ഭൂമിയെ ഗൗരവമായി ഉൾക്കൊള്ളാനാവൂ. ഏതു വേദഭാഗം വായിക്കുമ്പോഴും ചോദ്യങ്ങൾ ചോദിക്കാം. ഈ വേദഭാഗത്ത് ഭൂമിയ്ക്ക് എന്തു സ്ഥാനമാണുള്ളത്? സ്വാഭാവികമായും ഭൂമിയ്ക്കു രണ്ടാം സ്ഥാനമേ ഉണ്ടാകൂ. രണ്ടാമത്, ഭൂമിയെ കേന്ദ്രമാക്കി ഈ വേദഭാഗം എങ്ങനെ വ്യാഖ്യാനിക്കാം? മൂന്നാമത്, ദൈവവും മനുഷ്യനും ഭൂമിയും തമ്മിൽ ബന്ധപ്പെടുത്തി ഈ വേദഭാഗത്തെ എങ്ങനെ വ്യാഖ്യാനിക്കാം? ഈ മൂന്നു ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ വേണം പരിസ്ഥിതി വേദപഠനങ്ങൾ നടക്കുവാൻ. എങ്കിൽ മാത്രമേ അവ അർത്ഥസമ്പൂർണ്ണമാകൂ.

**പരിസ്ഥിതി സംരക്ഷണം ഒരു ആത്മീയ വിഷയമായി നാം കാണണം. അതു നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാകണം.** നമ്മുടെ ആരാധനയിൽ പാരിസ്ഥിതിക മൂല്യങ്ങളുണ്ട്. നാം കർത്തൃമേശയിൽ ഉപയോഗിക്കുന്ന അപ്പവും വീഞ്ഞും ഭൂമിയിൽ നിന്ന് ലഭിക്കുന്നവയാണ്. മനുഷ്യന്റെ പ്രയത്നവും ദൈവമുമ്പാകെ സമർപ്പിക്കപ്പെടുന്നു. ഹാർവസ്റ്റു ഫെസ്റ്റിവലിലും പാരിസ്ഥിതിക ദർശനമുണ്ട്. ഈ ഭൂമിയിൽ നിന്നു ലഭിക്കുന്ന വിളകൾ ദൈവത്തിനു സമർപ്പിക്കുകയാണ്. ഹാർവസ്റ്റു ഫെസ്റ്റിവൽ ഒരു ഇക്കോളജി സൺഡേയായി രൂപപ്പെടുത്തണം. അന്നത്തെ ആരാധന പള്ളിയ്ക്കു വെളിയിൽ നടത്തി പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കണം. ●

> Thomas Alva Edison had experimented for 13 months on the incandescent electric lamp, trying to find the right combination to make it glow. When he finally succeeded at 3 o' clock in the morning, he ran out of the barn, across to the house, upstairs to his wife's bedroom, and shouted, "Darling, look!"
>
> Mrs. Edison woke up, turned over and said, "For goodness' sake, Tom, turn out that light and come to bed!"

## വാർധക്യമെന്നത് വളർച്ചയുടെ ഭാഗമാണ്. നമുക്കാർക്കും അതിൽനിന്ന് രക്ഷപ്പെടാൻ കഴിയുകയില്ല.



# വയോജനങ്ങളെ കരുതുക

സിസ്റ്റർ ഡോ. ജോവാൻ ചുങ്കപ്പുര

വാർധക്യമെന്നത് വളർച്ചയുടെ ഭാഗമാണ്. നമുക്കാർക്കും അതിൽനിന്ന് രക്ഷപ്പെടാൻ കഴിയുകയില്ല. അതോർത്ത് വിലപിച്ചിട്ടു കാര്യമില്ലെങ്കിലും ചില യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിലൂടെ നമ്മെത്തന്നെ ഒരുക്കുന്നതിനും നമ്മുടെയിടയിൽ വസിക്കുന്ന വൃദ്ധജനങ്ങളെ കരുതുന്നതിനും ഏറെ സഹായിക്കും. മറുനാടുകളിൽ കാണുന്നതുപോലെ തന്നെ, ഇന്നു നമ്മുടെ നാട്ടിലും മുതിർന്നവരെ പരിഗണിക്കുന്നില്ലെന്നും പരിചരിക്കുന്നില്ലെന്നുമുള്ള പരാതികൾ ഉയർന്നു വരുന്നു. കേരളത്തിലെ ജനങ്ങളിൽ പത്തിലൊന്നു വ്യക്തികളും 60 വയസ്സിനു മുകളിലുള്ളവരത്രെ. ഇതിൽ കുറച്ചു പേർക്കു മാത്രമേ ഏതെങ്കിലും തരത്തിലുള്ള പെൻഷനോ മറ്റു സഹായങ്ങളോ ലഭിക്കുന്നുള്ളു. എന്നാൽ ഇവരുടെ കാഴ്ചക്കുറവോ കേൾവിക്കുറവോ മറ്റു ശാരീരിക രോഗങ്ങളോ പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. വാർധക്യത്തിലെ രോഗങ്ങൾ എന്നത് പലപ്പോഴും പല രോഗങ്ങൾ ഒന്നിച്ചുവരുന്നതുമാവാം. ഉദാഹരണമായി, പ്രമേഹവും തിമിരവും ഹൃദയസംബന്ധമായ പ്രശ്നങ്ങളും അഥവാ മറ്റെന്തെങ്കിലും തകരാറുകളോ ഒക്കെയാവാം. ഇവിടെ സാധാരണ രീതിയിലുള്ള ഒരു മെഡിക്കൽ സഹായം ലഭ്യമാവാതെ വരുന്നു. അതായത്, ഒരു സോഷ്യൽ സെക്യൂരിറ്റി കിട്ടുന്നില്ല. മൂന്നു ശതമാനത്തോളം വരുന്ന വാർധക്യപ്രായക്കാർ ഗ്രാമങ്ങളിലും മറ്റും തനിയെ വസിക്കുന്നവരാണ്. ഫിക്സഡ് ഡിപ്പൊസിറ്റ് പലിശയും മറ്റും വളരെ കുറഞ്ഞു വരുന്നതുകൊണ്ട് പലർക്കും മുന്നോട്ടു കഴിയാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. പ്രത്യേകിച്ചും വാർധക്യപ്രശ്നത്തിൽ മറ്റൊരു പ്രധാന ഘടകമാവുന്ന സാമ്പത്തിക കാര്യത്തിൽ ഇതേറെ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. സാമൂഹിക ഒറ്റപ്പെടലും മറ്റൊരു വൈതരണിയായി നിലകൊള്ളുന്നു. സാമ്പത്തികകാര്യത്തിൽ കൊച്ചുമക്കളിൽ നിന്നും ബന്ധുജനങ്ങളിൽ നിന്നും ചിലപ്പോൾ വളരെ ഭീഷണിയും നേരിടേണ്ടതായി വന്നേക്കാം. ഉദാഹരണമായി സ്ഥലമെഴുതിത്തരണമെന്നുപറയുക, അതല്ലെങ്കിൽ വാച്ചോ, മോതിരമോ, മാലയോ തരണമെന്നു പറയുക. അതുപോലെ ഇത്തരക്കാർക്കായി അത്യാവശ്യസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നില്ല. ഉദാഹരണമായി, വീടിനകത്ത് ഒരു ടോയ്‌ലറ്റ് ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെങ്കിലും അത് ശ്രദ്ധിക്കാതെ പോകുന്നത് എടുത്തുപറയാം. പുറത്തു നടക്കുന്ന സാമൂഹികകാര്യങ്ങളിൽ പങ്കെടുക്കുവാൻ പോയാൽ തന്നെ ഇവർ വേണ്ടവിധം ശ്രദ്ധിക്കപ്പെടുന്നില്ല. തലമുറകളുടെ വിടവുകൾകൊണ്ട് ഇടപെട്ടുപോകാനും ഇക്കൂട്ടർ ഏറെ ബുദ്ധിമുട്ടുന്നുണ്ട്. ഇവരുടെയടുത്ത് നിൽക്കാതെ മാറിനടക്കുന്നവരുണ്ട്. പെരുന്നാളിനോ പൊതുപരിപാടികൾക്കോ കൊണ്ടുപോയാൽ അവിടെക്കൊണ്ടുപോയി ഇറക്കിവിട്ടിട്ട് തീരുമ്പോൾ വന്നേക്കാമെന്നു പറഞ്ഞു പോരുന്നതും മറ്റും ഇവർക്ക് വളരെ മാനസിക സംഘർഷമുണ്ടാക്കുന്ന കാര്യമാണ്. ഇവരുടെ ശാരീരികാസ്വാസ്ഥ്യങ്ങൾ ആരും തന്നെ കണക്കിലെടുക്കുന്നില്ല. എടുത്താൽത്തന്നെ, വിഷമിച്ചും അതിലേറെ പ്രയാസപ്പെട്ടുമാണ് ചെയ്യുന്നത്. ഇന്ന് സ്ത്രീകളുടെ വയസ്സ് 75-ഉം പുരുഷന്മാരുടെ വയസ്സ് 69-ഉം ആയി ഉയർന്നിട്ടുണ്ട്. അതിനാൽത്തന്നെ വളരെയധികം മാനസികരോഗങ്ങളും മറവി രോഗങ്ങളും കൂടിയിട്ടുണ്ട്. ഇതിനു പ്രധാന കാരണം ഭർത്താവോ ഭാര്യയോ മരിച്ചതാകാം. സ്വന്തം വീട്, മറ്റു സ്വാധീനങ്ങൾ ഇവയിലൊക്കെയുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടതാവാം. ഹൈ പ്രഷർ വഴിയായി തലച്ചോറിലേക്ക് രക്തയോട്ടം കുറയുന്നതും ഒടിവ്, ചതവ് പോലുള്ള ശാരീരികപ്രശ്നങ്ങളും ഇവയ്ക്കു കാരണങ്ങളാവുന്നു. ഗവ. ആശുപത്രികളിലാണെങ്കിൽ ഇതിനു കെയർ കൊടുക്കുവാനുള്ള ഡോക്ടർമാരും സൈക്യാട്രിസ്റ്റുകളും അധികമില്ല. ഇവർക്ക് ധാരാളം സംശയരോഗങ്ങളും, പരതി നടക്കുന്ന പ്രവണതകളും ആത്മഹത്യാ താൽപ്പര്യങ്ങളും സാധാരണയായി കണ്ടുവരുന്നുണ്ട്. ഇതെല്ലാം ചെറിയ ചികിത്സ കൊണ്ട് പരിഹരിക്കാമെങ്കിലും ജറിയാട്രിക് ക്ലിനിക്കുകൾ നമ്മുടെ നാട്ടിൽ അപര്യാപ്തങ്ങളാണ്, ഇത്തരം കെയറുകളെക്കുറിച്ച് ഒട്ടേറെ ശ്രദ്ധിക്കേണ്ടതുണ്ട്. വീടുകളിൽ ഇവരുടെ സാമൂഹികപരവും വ്യക്തിപരവുമായ സ്വാതന്ത്ര്യവും ബഹുമാനവും നാം നിരന്തരം മാനിക്കണം. സാമ്പത്തിക സ്വാതന്ത്ര്യവും അനുവദിക്കണം. പഴയ കൂട്ടുകാരെയും നാട്ടുകാരെയും കാണാനുള്ള വേദിയൊരുക്കണം. ഇവർക്കുവേണ്ടി പ്രെയർ ഗ്രൂപ്പുകളും സാമൂഹിക ഒത്തുചേരലിനുള്ള അവസരവും ഉണ്ടാക്കിക്കൊടുക്കണം. നാട്ടുകാർക്കും അയൽക്കാർക്കും ഇത്തരക്കാരെ സഹായിക്കാവുന്നവിധം ഇടപെടാം. ഉദാഹരണമായി, കറണ്ട്, ടെലിഫോൺ ബിൽ ഇവ അടയ്ക്കാൻ നാം പോകുമ്പോൾ ഇങ്ങനെയുള്ളവരുടേതും കൂടി കൊണ്ടുപോയി സഹായിക്കാം. ബസ്സിനുള്ളിൽ ഇവർക്ക് ഇരിക്കാൻ ഇടം കൊടുക്കാം. ഒരു ക്യൂവിൽ നിൽക്കുമ്പോൾ ഇവർക്ക് മുൻഗണന കൊടുത്ത് കയറ്റിവിടാം. ഭാരമുള്ള സാധനങ്ങൾ അൽപ്പനേരമെങ്കിലും എടുത്തു പിടിച്ച് അവരെ സഹായിക്കാൻ കഴിയുന്നതും വലിയ കാര്യമാണ്. മക്കളും കൊച്ചുമക്കളും ഇവരെ കേട്ടിരിക്കണം. കേൾക്കുന്നവർക്ക് രസകരമായ അനുഭവങ്ങൾ മനസ്സിലാക്കാനും, നല്ല സാരാംശങ്ങൾ ജീവിതത്തിൽ പകർത്താനും ഇതുമൂലം സാധിക്കും. സ്കൂൾ പഠനത്തിന്റെ ഭാഗമായി മുതിർന്നവരെ ഇന്റർവ്യൂ ചെയ്യുവാൻ ചെറിയ തലമുറയെ പരിശീലിപ്പിക്കണം. പാരമ്പര്യങ്ങൾ, സംസ്കാരങ്ങൾ ഇവയൊക്കെ പഴയ തലമുറക്കാരിൽ നിന്നു പഠിച്ചെടുക്കുന്നത് പുതുതലമുറയ്ക്ക് ഏറെ ഉപകാരപ്പെടും. ഇവരുടെ തുണികളും മറ്റും അലക്കിത്തേച്ച് അടുക്കിവച്ചു കൊടുക്കുന്നതും മുറി വൃത്തിയായി ക്രമീകരിച്ചിടുന്നതും ഉചിതമാണ്. പ്രധാന കാര്യങ്ങൾ മറക്കാ

തിരിക്കാൻ കലണ്ടറിൽ രേഖപ്പെടുത്തി വയ്ക്കുന്നത് അഭികാമ്യമാണ്.

മുതിർന്നവരോട്:- തങ്ങളുടെ ജോലിയും പ്രാഗൽഭ്യവും അവസാനിച്ചുവെങ്കിലും തന്റെ വ്യക്തിത്വത്തിന് കാതലായ ക്ഷതം സംഭവിച്ചിട്ടില്ലെന്നും, താൻ താൻ തന്നെയാണെന്നും അറിയുക. താനെന്ന ഭാവവും താൻ സമൂഹത്തിൽ ആരായിരുന്നുവെന്ന ബോധവും മനുഷ്യവ്യക്തിത്വത്തിൽ എന്നും നിലനിൽക്കുന്ന രണ്ട് ഭാവങ്ങളാണ്. അപ്പനെന്ന, അമ്മയെന്ന, അധ്യാപകനെന്ന, ഡോക്ടർ എന്ന, നേഴ്സ് എന്ന, തൊഴിലാളിയെന്ന മഹത്തായ വ്യക്തിപ്രഭാവങ്ങൾ താൻ എഴുന്നേറ്റു നടന്നാലും ഇല്ലെങ്കിലും, ഓർമ്മയുണ്ടെങ്കിലും ഇല്ലെങ്കിലും, എന്നും നിലനിൽക്കും. ഒരിക്കലും നാം ഇക്കൂട്ടരെ കളിയാക്കുകയോ താഴ്ത്തിപ്പറയുകയോ ചെയ്യരുത്. അവരെല്ലാം അവരുടെ പ്രവൃത്തി മണ്ഡലങ്ങളിൽ തനതാത്മകത തെളിയിച്ചിരുന്നവരും കരുത്തരുമായിരുന്നുവെന്ന വസ്തുത വിസ്മരിക്കരുത്. ഇവരെ പുകഴ്ത്തിപ്പറയുകയാണു വേണ്ടത്. ഇവരോട് സംസാരിക്കുമ്പോൾ കൈയിൽ പിടിച്ചുകൊണ്ടു തന്നെ സംസാരിക്കുക. ഹോം നേഴ്സ് ഉണ്ടെങ്കിൽ കാൽപ്പത്തികളും മറ്റും നന്നായി തിരുമ്മിക്കൊടുക്കുക. മുറിയൊരുക്കി പൂപ്പാത്രവും ചിത്രങ്ങളുള്ള ചാർട്ടുകളും ക്രമീകരിച്ചുവയ്ക്കുക. ഇത് അവർക്ക് സുരക്ഷിതത്വബോധവും ജീവിക്കണമെന്ന ആഗ്രഹവും നഷ്ടപ്പെടാതിരിക്കുന്നതിന് ഏറെ സഹായകമാകും. സാമ്പത്തികമായി ആശ്രയിക്കുന്നതും ചെവിയുടെ കേൾവി കുറയുന്നതും ഒരു പരിധിവരെ അംഗീകരിച്ച് പുതിയ ടൈംടേബിളുകൾ കൊടുക്കുക. ഇതിൽ കൈകാലുകൾക്കു വേണ്ട വ്യായാമം, സാമൂഹികബന്ധങ്ങൾ വളർത്താനുതകുന്ന ഫോൺ വിളികൾ, സന്ദർശകരുടെയും മറ്റും സാമീപ്യങ്ങൾ ഇവയൊക്കെ ഉൾപ്പെടുത്താം. ഇങ്ങനെ മുതിർന്നവരെ സംരക്ഷിക്കുന്നവർ സമൂഹത്തിലും ജീവിതത്തിലും ശാന്തി അനുഭവിക്കുന്നു. ഞങ്ങൾ കോട്ടയത്ത് അൾഷിമേഴ്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ കണ്ടത് മുതിർന്നവരുടെ കൂടെ ജീവിക്കുന്ന കുട്ടികൾക്കാണ് മെച്ചപ്പെട്ട ജീവിതപക്വതയും സന്തുലിതാവസ്ഥയും പൊരുത്തപ്പെടാനുള്ള കഴിവും കൂടുതലുള്ളതെന്നാണ്. ജീവിതം ഒന്നൊന്നിനോട് ഘടിപ്പിച്ചു നിൽക്കുന്നതിനാൽ മുതിർന്നവരുടെ സാന്നിധ്യം ഒരു തണലായി കാണുന്നവർക്കാണ് കുടുംബൈശ്വര്യവും സാമൂഹികബന്ധവും ജീവിതാനുഭവജ്ഞാനവും സംസ്കാരബോധവും കൂടുതൽ കണ്ടുവരുന്നത്. ഇന്ന് സ്ത്രീകൾ കൂടി ജോലിക്കും മറ്റും പോകുന്നതിൽ പലപ്പോഴും മുതിർന്നവർക്ക് വീടുകളിലൊ ഫ്ളാറ്റുകളിലൊ കഴിയേണ്ടിവരുന്നു. ഗ്രാമങ്ങളിലെപ്പോലെ ചുറ്റുപാടുകളില്ലാത്തതിനാൽ കോൺക്രീറ്റ് മറയ്ക്കുള്ളിൽ തളച്ചിടപ്പെടുന്നു. ഒന്നിറങ്ങി നടക്കാനോ ആടിനെയോ കോഴിയെയോ വളർത്താനോ കഴിയാതെ മടുപ്പനുഭവിക്കുന്നവരുമുണ്ട്. ടെലിവിഷനും കമ്പ്യൂട്ടറും ഉപയോഗിച്ചിട്ടില്ലാത്തവർക്ക് അത് നേരമ്പോക്കിനു പകരം വിരസതയാണുണ്ടാക്കുന്നത്. തലമുറകളുടെ വിടവും മൂല്യങ്ങളിൽ വന്ന വ്യത്യാസങ്ങളും അടിപൊളി ശൈലിയും കാരണം അണുകുടുംബങ്ങളാകുന്ന പുതുതലമുറയ്ക്ക് മുതിർന്നവരുടെ ആതിഥ്യസൽക്കാരമര്യാദകളും ഉദാരമനഃസ്ഥിതിയും ഒട്ടും ഇഷ്ടപ്പെട്ടെന്നുവരില്ല.

> **ജീവിതം ഒന്നൊന്നിനോട് ഘടിപ്പിച്ചു നിൽക്കുന്നതിനാൽ മുതിർന്നവരുടെ സാന്നിധ്യം ഒരു തണലായി കാണുന്നവർക്കാണ് കുടുംബൈശ്വര്യവും സാമൂഹികബന്ധവും ജീവിതാനുഭവജ്ഞാനവും സംസ്കാരബോധവും കൂടുതൽ കണ്ടുവരുന്നത്.**

ഈയവസരത്തിൽ യുവത്വത്തിൽ നിൽക്കുന്ന നമുക്കേവർക്കും മുതിർന്നവരെ പരിചരിക്കുന്നതിനോടൊപ്പം നാമും മുതിർന്നവരുടെ തലമുറയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണെന്നു മനസ്സിലാക്കി അവരോടൊത്തു ജീവിക്കാൻ തയാറാകാം. മുതിർന്നവരുടെ മാനസിക, ശാരീരിക, വൈകാരിക പീഡനങ്ങൾ പരിഹരിക്കാനും പരമാവധി ഒഴിവാക്കുവാനും സഹകരിക്കുന്ന ഇതര ക്ലബുകളോടും സാമൂഹിക സന്നദ്ധ സംഘടനകളോടും ചേർന്നു പ്രവർത്തിക്കാം. നമ്മുടെ കൊച്ചുകേരളത്തിൽ മുതിർന്നവരെ പരിചരിക്കുന്നതിന് മുഖ്യതടസ്സമായി നിൽക്കുന്നത് അനേകർ നാടു വിട്ട് പുറത്ത് ജോലി ചെയ്യുന്നതിന് പോയിരിക്കുന്നുവെന്നതാണ്. അതിനാൽ ഇവിടെ ഓൾഡ് ഏജ് ഹോമുകളുടെ സാധ്യതയും വളരെ കൂടുതലാണ്. കോട്ടയത്ത് പതിനെട്ടോളം കേന്ദ്രങ്ങൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നു. ആരോഗ്യരംഗത്ത് ജോലി ചെയ്യുന്നവർ മാത്രമല്ല, സാമൂഹിക-മത-സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവരും ജോലി ചെയ്യുന്നവരും ഈ യാഥാർത്ഥ്യങ്ങൾ കൂടി കണ്ടുകൊണ്ടും ഇവയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടും വയോജനങ്ങളെ പരിഗണിക്കുവാൻ കരുതലോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ●

A man attended a church regularly for several months but he was always ignored. Because no one knew who he was, he looked out-of-place with his old and worn-out clothes, and nobody in the congregation bothered to talk to him. One Sunday as he took a seat in the church, he intentionally put his hat on. As the pastor stood in the chancel and looked out over the audience, he noticed the man with the hat straightaway. So he summoned the church warden and asked him to tell the man that he had forgotten to remove the hat. When the church warden conveyed this message, the man responded with a big smile and said, "My purpose has been served. I have attended this church for six months, and you are the first person who has ever talked to me!"

***Prejudice builds walls; Love breaks them down.***

# 'വ' കാര ത്രയങ്ങൾ നമ്മുടെ പൊതുസ്വത്ത്

ഡോ. ജോർജ് എം. തോമസ്



**വെള്ളം, വായു, വെളിച്ചം-ഇവ ജീവജാലങ്ങൾക്കെല്ലാം അവകാശപ്പെട്ട പൊതുസ്വത്താണ്. സസ്യമൃഗാദികൾ തുടങ്ങി ജീവനുള്ളവയ്ക്കെല്ലാം യഥേഷ്ടം അവ ഉപയോഗിക്കാം; യാതൊരു വിലയും കൊടുക്കേണ്ടതില്ല. പക്ഷേ, ഈ അമൂല്യവസ്തുക്കൾ നഷ്ടപ്പെടുത്തിക്കളയുന്നത് ഒരു വലിയ ദ്രോഹമാണെന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല.** നഷ്ടം സംഭവിക്കുന്നത് നമ്മുടെ ഉപയോഗത്തിനുവേണ്ടിയാണെങ്കിൽ ആ കുറവ് പ്രകൃതി നികത്തിക്കൊള്ളും. സമസ്ത ജീവജാലങ്ങളും സഹകരിച്ച് ഒരാഗോള സഹകരണപദ്ധതിയുണ്ടാക്കാൻ ഈ പൊതുസ്വത്തുക്കൾ മുഖാന്തരമായിത്തീരട്ടെ.

**വെള്ളം** സർവത്ര. ഭൂമിയുടെ മൂന്നിലൊന്ന് കരയും ബാക്കിഭാഗം കടലുമാണ്. ധ്രുവപ്രദേശങ്ങളിൽ വെള്ളം മഞ്ഞുകട്ടയാണ്. കരയിലും വെള്ളമുണ്ട്. സമുദ്രജലത്തിൽ അനേക വർഷങ്ങളായി അലിഞ്ഞുചേർന്ന ലവണങ്ങളുള്ളതിനാൽ ജീവജാലങ്ങൾക്ക് അതേപടി അതുപയോഗിക്കാൻ പറ്റില്ല. കടൽവെള്ളത്തിലെ ശുദ്ധമായ അംശം നീരാവിയായി, മേഘമായി, കാറ്റടിച്ച് കരയിൽ മഴ പെയ്യിക്കുന്നു, ഭൂമിയെ നനച്ചതിനുശേഷം മിച്ചമുള്ള വെള്ളം നദിയും തോടും വഴി സമുദ്രത്തിലേക്കൊഴുകുന്നു. ആദ്യമായി പെയ്യുന്ന മഴവെള്ളത്തിൽ അന്തരീക്ഷമാലിന്യങ്ങൾ കണ്ടേക്കാം. എന്നാൽ, തുടർന്നു പെയ്യുന്ന മഴവെള്ളം സംഭരിച്ചാൽ വലിയ ചിലവില്ലാതെ വീട്ടുമുറ്റത്ത് ശുദ്ധജലം കിട്ടും; കുടിവെള്ളക്ഷാമം ഒഴിവാക്കുകയും ചെയ്യാം. എല്ലാ ജലവും അവസാനം കടലിൽ ചെന്നെത്തും, അവിടെ നിന്ന് വീണ്ടും കരയ്ക്കെത്തും. ഇതിനെ water cycle എന്നാണു പറയുക.

മഴക്കാലത്ത് ഭൂമിയിൽ പതിക്കുന്ന വെള്ളം മണ്ണിൽ താഴുന്നു. മഴ തീരുമ്പോൾ ഈ വെള്ളം മുകളിലേക്കു വന്ന് നീരാവിയായി അന്തരീക്ഷത്തിൽ ലയിക്കും. ഭൂമി വരണ്ടുകീറുന്നതു തടയാൻ വേണ്ടി മഴ തീരുമ്പോൾ കർഷകർ പറമ്പെല്ലാം കിളച്ച് ഉപരിതലത്തിലെ മണ്ണ് ഇളക്കിവിടുന്നു. അതുവഴി വെള്ളത്തിന് മേലോട്ടു കയറാൻ പറ്റില്ല. വെള്ളത്തിന്റെയും മണ്ണിന്റെയും തന്മാത്രകൾ (molecules) ഉരുമ്മിയിരുന്നാൽ അവ തമ്മിലുള്ള ആകർഷണം ജലതന്മാത്രകൾ തമ്മിലുള്ള ആകർഷണത്തെക്കാൾ കൂടുതലാണ്. അങ്ങനെ മേലോട്ടു പിടിച്ചുകയറിയാണ് വെള്ളം നീരാവിയാകുന്നത്. കിളച്ചിട്ടാൽ മണ്ണിന്റെ ആകർഷണം കുറയും; capillary action തടസ്സപ്പെടുകയും ചെയ്യും. അടിത്തട്ടിലെ നനവു നിലനിർത്തി ചെടികൾക്കു തൽക്കാലമുപയോഗിക്കാം. കാപ്പിലറി ആക്ഷൻ ചെടിയിൽക്കൂടിയാകും. ചെടിയും, ക്രമേണ നീരാവിയും, രക്ഷപ്പെടും. ഈ പ്രക്രിയയിലൂടെ ജീവജാലങ്ങൾക്കുള്ള ഭക്ഷണവും എവിടെ വേണമെങ്കിലും എത്തിക്കാൻ കഴിയും. അതിനുള്ള ക്രമീകരണങ്ങൾ സസ്യങ്ങളിലും ജന്തുക്കളിലുമുണ്ട്. ഒരുദാഹരണം വഴി കാപ്പിലറി ആക്ഷൻ വിശദീകരിക്കാം. മണ്ണെണ്ണ വിളക്കിൽ (Kerosene lamp) എണ്ണയൊഴിച്ച് തിരിയുടെ താഴത്തെ അറ്റം മണ്ണെണ്ണയിൽ മുങ്ങിക്കിടന്നാൽ മുകളിലത്തെ അഗ്രം വിളക്കിനു വെളിയിൽ തീജ്വാല നൽകും. തിരിയിൽക്കൂടെ മണ്ണെണ്ണ ഉയരുകയും, വിളക്ക് തുടർച്ചയായി പ്രകാശിക്കുകയും ചെയ്യുന്നു. മണ്ണെണ്ണത്തന്മാത്രകളുടെ ഈ കയറ്റം തിരിയുടെ തന്മാത്രകളുമായുള്ള അധികമായ ആകർഷണം മൂലമാണ്.



രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓക്സിജൻ ആറ്റവും ചേർന്നതാണ് ജലതന്മാത്ര (water molecule). ഭാരം 18 ഗ്രാം, വ്യാപ്തം 18 ക്യൂബിക് സെന്റിമീറ്റർ; അതിലടങ്ങിയിട്ടുള്ള തന്മാത്രകളുടെ എണ്ണം $6 \times 10^{23}$ (Avogadro number). $10^{23}$ എന്നത് 1 ന്റെ പിന്നാലെ 23 പൂജ്യം ചേർത്താൽ കിട്ടുന്ന കോടി കോടി....സംഖ്യയാണ്!

**പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ചില ഗുണവിശേഷങ്ങൾ ജലത്തിനുണ്ട്.** • ജലസാന്ദ്രത (density) ഏറ്റവും കൂടുതൽ 4°C ലാണ്. തണുപ്പു കാലത്ത് നദികളിലും കുളങ്ങളിലും വെള്ളമുറഞ്ഞ് 0°C ൽ ഉപരിതലത്തിൽ മഞ്ഞുകട്ട (ice) ഉണ്ടാകും. അതേ സമയം, അടിത്തട്ടിൽ 4°C ലുള്ള വെള്ളമുണ്ടായിരിക്കും. ഉപരിതലത്തിൽ മഞ്ഞുണ്ടായാൽ അത് ചൂടും തണുപ്പും താഴേക്കു കടത്തിവിടുകയില്ല. അങ്ങനെ, കൊടും തണുപ്പിലും നദികളുടെയും മറ്റും അടിത്തട്ടിൽ വെള്ളമുള്ളതുകൊണ്ട് മത്സ്യവും മറ്റു ജീവജാലങ്ങളും രക്ഷപ്പെടുന്നു. • വെള്ളം നീരാവിയാകാൻ കുറെ ലീനതാപം (latent heat) ആഗിരണം ചെയ്യണം. താപനിലയ്ക്കു അപ്പോൾ മാറ്റം വരുന്നില്ല. നീരാവി വെള്ളമായിത്തീരുമ്പോൾ ഈ ലീനതാപത്തെ പുറത്തേക്കു വിടുന്നു. അതുപോലെ, മഞ്ഞുകട്ടയുരുകി വെള്ളമാകുമ്പോൾ കുറച്ചു ലീനതാപം വലിച്ചെടുക്കുകയും, ഘനീഭവിക്കുമ്പോൾ അതു പുറത്തേക്കു വിടുകയും ചെയ്യും. • വെള്ളം മൺകുടത്തിൽ എടുത്തുവച്ചാൽ വെള്ളം തണുക്കും. മഴക്കാലത്ത് അന്തരീക്ഷം നിറയെ നീരാവിയാണ്. സന്ധ്യയായാൽ താപനില കുറയുന്നു. അപ്പോൾ അത്രയും നീരാവി അന്തരീക്ഷത്തിൽ അധികമാണ്. നീരാവി വെള്ളമായി ഇലകളിലും മറ്റും നിറയുന്നു. ലീനതാപം അന്തരീക്ഷത്തിന്റെ തണുപ്പ് കുറയ്ക്കുന്നു. വെളിച്ചമില്ലെങ്കിലും അപ്പോൾ വലിയ തണുപ്പ് തോന്നുകയില്ല. • തിളനില (boiling point) ഉയർത്താൻ മർദ്ദം (pressure) വർദ്ധിപ്പിച്ചാൽ മതി. അല്ലാത്തപക്ഷം, വെള്ളത്തിൽ വല്ലതും അലിയിച്ചുചേർക്കണം. • ഐസിന്റെ താപനില കുറയ്ക്കാൻ ഉപ്പു ചേർത്താൽ മതി. ഐസ് ക്രീം ഉണ്ടാക്കാൻ ഇത്തരം ഫ്രീസിങ് മിക്സ്ചർ ഉപയോഗിച്ചു വരുന്നു. • ഉപ്പും മറ്റും ചേർന്ന് സോപ്പു പതയാത്ത hard water ശരിപ്പെടുത്താൻ തിളപ്പിച്ചാൽ പോരാ. വെള്ളം ആവിയാക്കി കുഴൽ മാർഗം വിട്ട് തണുപ്പിച്ചു വീണ്ടും വെള്ളമാക്കണം. ഇതിനു ഡിസ്റ്റിലേഷൻ എന്നു പറയും. ബുദ്ധിമുട്ടുള്ള കാര്യമാണ്. • വെള്ളത്തിൽ പലതും ലയിച്ചുചേരും. സോപ്പ്, കാരം മുതലായവ ഇട്ടിളക്കി എന്തും കഴുകി വൃത്തിയാക്കാം.

മനുഷ്യൻ ദിനംപ്രതി എന്തെല്ലാം കാര്യങ്ങൾക്കാണ് വെള്ളമുപയോഗിക്കുന്നത്? വെള്ളമില്ലെങ്കിലേ വെള്ളത്തിന്റെ വില നാം അറിയൂ. ●

# PEACE LIKE A RIVER

In 1871, a tragedy struck Chicago as fire ravaged the city. When it was all over 300 people were dead and hundred thousands were homeless. Horatio Spafford was one of those who tried to help the people of the city get back on their feet. A lawyer who had invested much of his money into the Chicago real estate, he had lost a great deal due to the fire. And his one son had died about the same time. Still, Spafford who was a friend of evangelist Dwight Moody assisted the homeless ruined by the fire. After about two years of such work, Spafford and his family decided to take a vacation. They were to go to England, to join Moody and Ira Sankey on one of their evangelistic crusades. Spafford was delayed by some business, but sent his family ahead. Their ship never made it. Off Newfoundland, it collided with an English sailing ship and sank within 20 minutes. Though Spafford's wife was able to cling to a piece of floating wreckage, their four daughters were killed. Spafford received a horrible telegram from his wife, "saved alone." Spafford boarded the next available ship to be near his grieving wife, and the t wo finally met Dwight Moody. "It is well, the will of God be done", Spafford told him quietly.

Spafford was led during those days of overwhelming grief to pen the words to one of the most beautiful hymns we know. The song has been soothing the souls for generations and will last forever.

**When peace like a river, attendeth my way;**
**When sorrows like sea billows roll;**
**Whatever my lot, thou has taught me to say,**
**It is well, it is well, with my soul.**

**[illegible] well, [illegible] with my soul... It is [illegible]**

**[illegible] Satan should buffet, though trials should come,**
**[illegible] control,**
**[illegible] Christ hath regarded my helpless estate,**
**And hath shed His own blood for my soul.**

**[illegible] oh, the bliss of this glorious [illegible]**
**My sin, not in part, but the whole,**
**Is nailed to the cross, and I bear it no more,**
**Praise the Lord, praise the Lord, Oh my soul.**

**And, Lord, haste the day when our [illegible]**
**The clouds be rolled back as scroll,**
**The trumpet shall sound, and the Lord shall [illegible]**
***Even so,* it is well with my soul ...**

# പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ



**സ്വാമിജി**

ആശയങ്ങളുള്ള ഒരാൾക്കേ നേതാവാകുവാൻ സാധിക്കൂവെന്ന് കഴിഞ്ഞ പാഠത്തിൽ വ്യക്തമാക്കി. ഏതു തരം ആശയങ്ങളാണ് ഒരു നേതാവിനുണ്ടായിരിക്കേണ്ടതെന്നു മനസ്സിലാക്കുവാൻ ശ്രമിക്കാം.

ആശയങ്ങളിൽ പുതുമയുണ്ടായിരിക്കണം. എല്ലാവരും കാണുന്ന രീതിയിൽ കാര്യങ്ങളെ കാണുന്ന ഒരാൾക്ക് നേതാവാകുവാൻ സാധിക്കില്ല. തികച്ചും വ്യത്യസ്തമായ തലത്തിൽ കാര്യങ്ങളെ കാണുവാൻ നേതാക്കൾ ശ്രമിക്കണം. ഇതെങ്ങനെയാണെന്നു ചോദിച്ചേക്കാം. യേശു എങ്ങനെയാണ് കാര്യങ്ങളെ കണ്ടതെന്നു മനസ്സിലാക്കുമ്പോൾ അതു വ്യക്തമാകും.

പ്രമാണിയുടെ മരിച്ച മകളെ കണ്ടപ്പോൾ യേശു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. (മത്തായി 9:24-25) "പെൺകുട്ടി മരിച്ചിട്ടില്ല, അവൾ ഉറങ്ങുകയാണ്." ജനങ്ങൾ പരിഹസിച്ചു. യേശു ബാലയുടെ കൈ പിടിച്ച് ഉയർത്തി. മരണം യേശുവിന്റെ വീക്ഷണത്തിൽ ഉറക്കമാണ്. ഈ ലോകത്തിൽ നിന്നുമുള്ള താൽക്കാലിക വിടുതൽ. പക്ഷേ ജനം അങ്ങനെയല്ല ചിന്തിച്ചത്. തങ്ങളിൽ ഏറ്റവും വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ എപ്രകാരമായിരിക്കണം? (മർക്കോസ് 9:35-37) ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവരിലും ഒടുക്കത്തവനും ദാസനും ആയിരിക്കണം. ഇത് ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയ കാഴ്ചപ്പാടായിരുന്നു. യേശു ഈ പുതിയ ആശയങ്ങൾ വ്യത്യസ്തമായ വീക്ഷണത്തിൽ അവതരിപ്പിക്കുക മാത്രമല്ല, തന്റെ സ്വന്ത ജീവിതത്തിൽ കൂടി കാണിച്ചു കൊടുക്കുകയും ചെയ്തുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. യേശുവിനെ ഒരു മോഡലായി എടുത്താൽ നിങ്ങൾക്ക് സമൂഹത്തിലെ കരുത്തനായ നേതാവായിത്തീരാം. നമ്മുടെ പല നേതാക്കന്മാർക്കുമുള്ള ബലഹീനതകൾ ഇവയാണ്-പുതിയ ആശയങ്ങളില്ല. ആരോ പറഞ്ഞ കാര്യങ്ങൾ അവർ ഏറ്റുപാടുകയാണ്. വ്യത്യസ്തമായി ഉയർന്ന തലത്തിൽ കാര്യങ്ങളെ

ആശയങ്ങളിൽ പുതുമയുണ്ടായിരിക്കണം. എല്ലാവരും കാണുന്ന രീതിയിൽ കാര്യങ്ങളെ കാണുന്ന ഒരാൾക്ക് നേതാവാകുവാൻ സാധിക്കില്ല. തികച്ചും വ്യത്യസ്തമായ തലത്തിൽ കാര്യങ്ങളെ കാണുവാൻ നേതാക്കൾ ശ്രമിക്കണം.

കാണുവാൻ സാധിക്കുന്നില്ല. ഇനി ഇവയുള്ളവർക്ക് സ്വന്ത ജീവിതത്തിലൂടെ കാണിച്ചു കൊടുക്കുവാൻ സാധിക്കുന്നുമില്ല. കരം കൊടുക്കുന്നതിനെക്കുറിച്ച് തർക്കമുണ്ടായപ്പോൾ നാണയം കൊണ്ടുവരുവാൻ യേശു ആവശ്യപ്പെടുകയാണ്. ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളത് കൈസർക്കും. (മത്തായി 22:21). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെയടുക്കൽ കൊണ്ടുവന്നപ്പോൾ യേശുവിന്റെ പ്രതികരണം എപ്രകാരമായിരുന്നു? (യോഹ.8:7) തങ്ങളുടെ സുഹൃത്തുക്കളെ സ്നേഹിക്കുവാൻ എല്ലാവർക്കുമറിയാം. പക്ഷേ തങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവാനും ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പറഞ്ഞ നേതാവാണ് യേശു. (മത്തായി 5:44) നിന്റെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന് ഇടത്തെ ചെകിടും കാണിച്ചു കൊടുക്കുവാൻ യേശു പറഞ്ഞു. പുതിയനിയമത്തിൽ ഇതുപോലെ അനവധി സംഭവങ്ങൾ ചൂണ്ടിക്കാണിക്കുവാനാകും.

ഇന്നത്തെ നേതാക്കന്മാരെല്ലാം സ്വന്തലാഭത്തിനും വളർച്ചയ്ക്കുമായി എല്ലാം ഉപയോഗിക്കുന്നവരാണ്. ദൈവം നേതാവിനെ വിളിച്ചു ചോദിക്കുന്നുവെന്ന് കരുതുക: നിനക്കെന്തു വേണം, അതു ഞാൻ തരാം. അവർ പറയും, എന്റെ മകനെ മന്ത്രിയാക്കണം. മകളെ പ്രധാനപ്പെട്ട സ്ഥാനങ്ങളിലിരുത്തണം. പണവും സ്വാധീനവും എല്ലാം എനിക്കും എന്റെ ഭാര്യയ്ക്കും പിള്ളേർക്കും. ഇങ്ങനെ പറയുന്ന ആരും നേതാക്കന്മാരല്ല. അവർ പെട്ടെന്നു ഉയർന്നുവരികയും പെട്ടെന്നു താഴ്ന്നു പോകയും ചെയ്യും. ജനം പിന്നെ അവരെ ഓർക്കാറില്ല. വേദപുസ്തകം ഉയർത്തിക്കാട്ടുന്ന നേതാക്കന്മാർ അങ്ങനെയുള്ളവരായിരുന്നില്ലെന്നതു വ്യക്തം. ദൈവം പറയുന്നു, നീ ചോദിക്കുന്നതെന്തും തരാം. ചിലരുടെ മറുപടി ശ്രദ്ധിക്കുക.

അബ്രഹാം : നിന്നെ പിൻതുടരുവാൻ എന്നെ അനുവദിക്കുക.

മോശെ : നിന്റെ ജനങ്ങളെ മോചിപ്പിക്കുവാൻ എന്നെ സഹായിക്കുക.

ദാവീദ്: എന്റെ ജനങ്ങളെ ഭീഷണിപ്പെടുത്തുന്ന ഗോലിയാത്തിനെ നേരിടുവാൻ എന്നെ സഹായിക്കുക.

സ്വന്തമായി ഒന്നും ആവശ്യപെടാതെ ഒരു സമൂഹത്തിനുവേണ്ടി ആവശ്യപ്പെടുകയും അവർക്കു വേണ്ടി നില കൊള്ളുകയും ചെയ്യുന്നവനാണ് നേതാവ്. ജനങ്ങൾക്കു വേണ്ടി നിലകൊള്ളുമ്പോൾ, തികച്ചും വ്യത്യസ്തമായി കാര്യങ്ങളെ കാണുമ്പോൾ, അദ്ദേഹം സ്വാഭാവികമായി ജനനേതാവായി മാറും.

എസ്ഥേർ : ഈ ജനങ്ങളെ രക്ഷിക്കുവാൻ സഹായിക്കുക.

ശലോമോൻ : നിന്റെ ജനത്തെ ഭരിക്കുവാനുള്ള ജ്ഞാനം നൽകുക.

യെശയ്യാവ് : നിന്റെ വചനങ്ങളെ പ്രസ്താവിക്കുവാൻ ശുദ്ധിയുള്ള നാവ് തരിക.

പത്രോസ് : നിന്റെ ആടുകളെ മേയിക്കുവാൻ സഹായിക്കുക.

യേശു : നിന്റെ സ്നേഹം ഇവർക്ക് പകർന്നു കൊടുക്കുവാൻ സഹായിക്കുക.

സ്വന്തമായി ഒന്നും ആവശ്യപ്പെടാതെ ഒരു സമൂഹത്തിനുവേണ്ടി ആവശ്യപ്പെടുകയും അവർക്കുവേണ്ടി നില കൊള്ളുകയും ചെയ്യുന്നവനാണ് നേതാവ്. ജനങ്ങൾക്കു വേണ്ടി നിലകൊള്ളുമ്പോൾ, തികച്ചും വ്യത്യസ്തമായി കാര്യങ്ങളെ കാണുമ്പോൾ, അദ്ദേഹം സ്വാഭാവികമായി ജനനേതാവായി മാറും. നേതാവാകുവാൻ ആഗ്രഹിക്കുന്നവർ നിലകൊള്ളേണ്ടത് സമൂഹത്തിനുവേണ്ടിയാണ്. അവരുടെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും, അവർ കാണുന്നതിൽ നിന്ന് വ്യത്യസ്തമായി ഉയർന്ന തലത്തിലേക്കു കൊണ്ടുപോകുവാൻ സാധിക്കണം. ജനങ്ങൾ പറയുന്നതെന്തും സാധിച്ചു കൊടുക്കുവാൻ പോരാടുന്നവർ നൽകുന്ന നേതൃത്വം അപൂർണ്ണമായിരിക്കും. പുതിയ വീഞ്ഞ് ആരും പഴയ തുരുത്തിയിൽ വയ്ക്കാറില്ല; പുതിയ തുരുത്തിയിൽ തന്നെ വയ്ക്കണം. ●

# പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും

ഡോ. അന്നമ്മ ജോർജ് ഇരവിപേരൂർ

## പരിശുദ്ധാത്മാവും വെളിപാടും

വെളിപ്പാട് എന്നാൽ എന്ത്? Revelation എന്ന പദത്തിന്റെ ലത്തീൻ രൂപം 'മൂടുപടം മാറ്റുക' എന്നാണ്. ക്രിസ്തീയ ദൈവശാസ്ത്രത്തിലെ ധന്യമായ ഒരു ഭാഗമാണ് വെളിപ്പാട്. അത് വൈവിധ്യം നിറഞ്ഞതും പലവിധത്തിൽ അർത്ഥവത്തുമാകുന്നു. അതിൽ ചരിത്രം, അറിവ്, വിനിമയം, സർവാതിശയത്വവും പുരോഗമനവും എല്ലാം ഉൾക്കൊള്ളുന്നു. വെളിപ്പാട് എന്ന വിഷയത്തിന്റെ പല വശങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. പക്ഷേ പലരും അത കൈകാര്യം ചെയ്യുമ്പോൾ അവർക്കു പ്രധാനമെന്നു തോന്നുന്നതിന് ശ്രദ്ധ നൽകി വിവരിക്കാറുണ്ട്. അപ്പോൾ മറ്റു ചില ആശയങ്ങൾക്ക് വേണ്ടത്ര ശക്തീകരണം നൽകാതെയും ചിലപ്പോൾ പലതും അവഗണിച്ചുമാണ് വിവരിക്കുന്നത്. ആറ് അടിസ്ഥാനരൂപങ്ങളിൽ വെളിപ്പാടിനെ വിവരിക്കാം. (1) ഉപദേശരൂപം (2) ചരിത്രം (3) ആന്തരികാനുഭവം (4) വൈരുധ്യാധിഷ്ഠിതമായ സാന്നിദ്ധ്യം (5) പുതിയ ബോധോദയം (6) പ്രതീകാത്മകമായ വിനിമയം.

വെളിപ്പാട് എന്ന ആശയം പലരും പലവിധത്തിൽ ധരിച്ചുവച്ചിരിക്കുന്നു. എങ്കിലും അതു പ്രധാനമായും ദൈവം വ്യക്തികൾക്കു തന്നെത്തന്നെ വെളിപ്പെടുത്തുന്നതാണ്. അത് നമ്മുടെ വ്യക്തിപരമായ പ്രതികരണം ആവശ്യപ്പെടുന്നു. മാത്രമല്ല, ദൈവികസത്യങ്ങൾ വിശ്വാസികൾക്കു വെളിപ്പെടുത്തുന്നതുമാകുന്നു. പഴയനിയമത്തിൽ, പ്രവാസകാലത്തിനുശേഷമുള്ള പ്രവാചകന്മാർക്ക് ദൈവവചനം എത്തിച്ചുകൊടുക്കുന്നതായി പറയുന്നു. (ഉദാ: യെഹെ. 2:2; 11:5; സെഖ. 7:12; നെഹ. 9:30, മീഖാ. 3:8) ഇവർക്കൊക്കെ ദൈവാത്മാവ് ദൈവത്തിന്റെ ദൂതു വെളിപ്പെടുത്തുകയും അവർ അത് ജനത്തോടറിയിക്കുകയും ചെയ്യുന്നു. ആ വിശ്വാസം നിഖ്യാ-കുസ്തന്തീനോസ് പൊലീസ് വിശ്വാസപ്രമാണങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. വി. പൌലൊസിന്റെ ചിന്തയിൽ ദൈവിക രഹസ്യങ്ങളുടെ ആഴങ്ങൾ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നു. (1 കൊരി. 2:10).

ദൈവാത്മാവ് ഇസ്രയേലിലെ പ്രവാചകന്മാരിൽക്കൂടി മാത്രമല്ല വെളിപ്പെടുന്നത്. പെഥോർ എന്ന സ്ഥലവാസിയായ ബെയോരിന്റെ മകൻ ബിലയാമിൽ കൂടെയും സംസാരിച്ചു. പെഥോർ ഉത്തരസുറിയയിൽക്കൂടിയൊഴുകുന്ന യൂഫ്രട്ടീസ് നദിയുടെ കൈവഴിയുടെ തീരത്തുള്ള ഒരു ചെറിയ പട്ടണമായിരിക്കാം. (സംഖ്യ. 24:2). യശയ്യാവ് 42:1-ൽ ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നുവെന്ന് പറയുന്നത് പേർഷ്യൻ രാജാവായ കോരശിനെപ്പറ്റിയാണ്. എസ്രാ. 1:1-ൽ യഹോവ പാർസി രാജാവായ കോരശിന്റെ മനസ്സിനെ ഉണർത്തി ഇസ്രയേൽ ജനത്തിന് പ്രവാസത്തിൽ നിന്നു വിടുതൽ നൽകി. ദൈവത്തിന്റെ രക്ഷാപദ്ധതികൾ നടപ്പാക്കാൻ ദൈവജനമെന്നു പറയുന്നവരിൽ ഉൾപ്പെടാത്തവരെയും ഉപയോഗിക്കുന്നു. യേശു പറഞ്ഞു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം ദൈവത്തെ അറിയുന്നത് ദൈവാത്മാവ് ക്രിസ്തുവിൽക്കൂടി വെളിപ്പെടുന്നതുകൊണ്ടാണ്. ദൈവാത്മാവിനു മാത്രമേ ദൈവത്തിന്റെ ആഴങ്ങൾ ഗ്രഹിക്കാനാവൂ.

## മത പാരമ്പര്യങ്ങളും വെളിപാടും

ദൈവം തന്നെത്തന്നെ മാനവജാതിക്കു വെളിപ്പെടുത്തിയെന്ന് പറയുന്നുവെങ്കിലും ഈ വെളിപ്പെടുത്തൽ പല വിധത്തിലാണ് സംഭവിക്കുക. ദൈവം വ്യക്തിപരമായി മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു. രക്ഷാചരിത്രത്തിൽ അതിന്റെ മകുടോദാഹരണം യേശുക്രിസ്തുവിന്റെ ആളത്വത്തിലാണ്. ഇതിനെ ചരിത്രത്തിലെ വെളിപ്പാട് എന്നു പറയാം. ദൈവം തന്നെ മനുഷ്യനായി ലോകത്തിൽ ജനിച്ചു, ജീവിച്ചു, മരിച്ചു, ഉയിർത്തു. അതേസമയം ഈ ലോകത്തു ജനിക്കുന്ന വ്യക്തിയുമായും ദൈവം ആശയവിനിമയം നടത്തുന്നു. ഏതു മതവിശ്വാസിയായാലും ശരി, വിശ്വാസികൾ ദൈവത്തിന്റെ ശബ്ദം ഗ്രഹിക്കുന്നു. സൃഷ്ടികളുടെ ഭാഷയിൽ തന്നെ ദൈവം അവരുമായി ഇടപെടുന്നു. ഇതിനെ പണ്ഡിതന്മാർ സാർവത്രിക വെളിപ്പാട് എന്നും വിശ്വ വെളിപ്പാട് എന്നും മറ്റും വിവരിക്കാറുണ്ട്. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ സൃഷ്ടിയിൽ കൂടെയും ബുദ്ധിയിൽ കൂടെയും എല്ലാവർക്കും ലഭ്യമാണെന്നു നമുക്കു സമ്മതിക്കാം (റോമ. 1:20; അ.പ്ര.14:17). നമുക്ക് ചിന്തിക്കാനുള്ളത് ഈ വെളിപ്പെടുത്തൽ ഇതര മതങ്ങളുടെ പാരമ്പര്യങ്ങളിലും വേദങ്ങളിലും കൂടെ ലഭ്യമാണോ എന്നാണ്. മുകളിൽ കണ്ട മൂന്നു സത്യങ്ങൾ നോക്കാം.

(1) മാനവവംശത്തിന്റെ മതാത്മകതയിൽ പരിശുദ്ധാത്മാവ് സജീവമാണ്. (2) ദൈവിക പ്രത്യക്ഷതയിൽ ദൈവാത്മവ്യാപാരമുണ്ട്. (3) ഇതരമതസ്ഥരിൽ ദൈവം വെളിപ്പെടുന്നത് ദൈവാത്മാവിൽ കൂടെയാണ്. ഈ മൂന്നും ശരിയെങ്കിൽ ഇതര മതവിശ്വാസികളുടെ മതാത്മകതയിൽ ദൈവാത്മാവിന്റെ വ്യാപാരമില്ലെന്നു പറയാനാവില്ല. പക്ഷേ ആത്മീയാനുഭവങ്ങളുടെ നിജസ്ഥിതി പരിശോധിക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവ് ഇതര മതങ്ങളുടെ പാരമ്പര്യങ്ങളുപയോഗിച്ച് ദൈവം തന്നെത്തന്നെ മനുഷ്യർക്കു അനുഭവവേദ്യമാക്കുന്നുവെന്ന് കരുതാം.

മനുഷ്യർ ഒറ്റപ്പെട്ട ജീവികളല്ല. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ട് പരസ്പരപ്രവർത്തനങ്ങളിൽ കൂടി ജീവിക്കുന്നു, വളരുന്നു. അവരുടെ ആദ്ധ്യാത്മികജീവിതത്തിലും പ്രത്യേകം പ്രത്യേകം മതസംഘങ്ങളുടെ അംഗങ്ങളായാണ് വസിക്കുന്നത്. അങ്ങനെ അവർ ആത്മീയജീവിതത്തിലും പരസ്പരപ്രവർത്തനങ്ങളിൽ കൂടിയാണ് വളരുന്നത്. മനുഷ്യർ ചരിത്രത്തിൽ ചരിക്കുന്നവരാണ്. അവർ ഭൂമിയിലും (space) കാലത്തിലും (time) ചരിക്കുന്നവരാകകൊണ്ട് ഒരു സമൂഹത്തിൽ പ്രായോഗികമാകുന്ന മതാത്മകതയിൽ മാത്രമേ അവർക്കു വളരാനാകയുള്ളൂ. മനുഷ്യാവതാരത്തിന്റെ സാമൂഹ്യവും ചരിത്രപരവുമാകുന്ന ആദ്ധ്യാത്മികാനുഭവത്തിലാണ് അവർ വളരുന്നത്. അത് ദൈവാത്മാവിനാൽ പ്രചോദിതരാകുമ്പോൾ പ്രകടമാകുന്നത് ആചാരാനുഷ്ഠാനങ്ങളിലും ഉപാസനാരീതികളിലും വാഗ്‌രൂപത്തിലും എഴുതപ്പെട്ട വേദങ്ങളിലും ആകുന്നു. അത് സമൂഹത്തിലെ വ്യക്തിയെ ദൈവികതയുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ ആദ്ധ്യാത്മിക പാരമ്പര്യത്തിലുള്ള വേദഗ്രന്ഥങ്ങൾ ഈശ്വരന്റെ വചനം മനുഷ്യർക്കു നൽകുന്നതാണ്. അവ ഋഷിമാരുടെ വചനങ്ങളാവാം. അതായത് മതങ്ങളുടെ വേദഗ്രന്ഥങ്ങൾ ദൈവിക വെളിപ്പാടാണ്.

## പരിശുദ്ധാത്മാവും ദൈവവചനവും

ഇതുവരെ ദൈവാത്മാവിന്റെ ആഗോളവ്യാപാരത്തെപ്പറ്റിയാണ് പ്രതിപാദിച്ചത്. പുതിയനിയമപ്രകാരം ദൈവവചനത്തിന്റെ വ്യാപാരവും സാർവത്രികമാണ് (യോഹ. 1:1-4, കൊലോ. 1:15-20). അപ്പോൾ അതു തമ്മിലുള്ള ബന്ധമെന്താണ്? വ്യത്യാസ

*(ശേഷം പേജ് 16)*

## ഗലീലക്കടൽ വിളിക്കുമ്പോൾ

ആദ്യത്തെ ചെപ്പ് സ്വർണ്ണത്തിന്റേതായിരുന്നു. മോതിരം, മാലകൾ, പതക്കങ്ങൾ, നാണയങ്ങൾ.

അടുത്തത് ശുദ്ധ സുഗന്ധമായ മീറ.......അഭൗമികമായ നൈവേദ്യം.....എത്രയോ വിലയുള്ളത്.

കുന്തുരുക്കത്തിന്റെ ചെപ്പായിരുന്നു അവസാനം....

"ഇതെന്താണമ്മേ", യോസ്സെയ്ക്കു സംശയം തോന്നി.

"കുഞ്ഞേ ഇതാണു കുന്തുരുക്കം. കനൽക്കട്ടകളിൽ വയ്ക്കുമ്പോൾ ധൂപമുയരും. കാഴ്ചയപ്പത്തിനൊപ്പം അർപ്പിച്ചിരുന്നതാണിത്. കുന്തുരുക്ക മരത്തിന്റെ കറയെടുത്താണ് ഇതുണ്ടാക്കുന്നത്.....നീ കണ്ടിട്ടില്ലേ ദേവാലയത്തിൽ ആരാധനയുടെ വിശുദ്ധ നിമിഷങ്ങളിൽ പ്രാർത്ഥനയായുയരുന്ന ധൂപം...."

ആമോസ് യോസ്സെയെ അടുക്കൽ നിർത്തി പറഞ്ഞുകൊടുത്തു.

"ഇതിന് മറ്റൊരുപയോഗം കൂടിയുണ്ട്....."

പെട്ടെന്ന് ഇത്രയും പറഞ്ഞിട്ട് കുന്തുരുക്കം ഇരിക്കുന്ന പേടകം യേശു കൈകളിൽ ഏറ്റുവാങ്ങി.

"ഈ കുന്തുരുക്കം, ഈ മീറ ഇതൊക്കെ മൃതദേഹം സംസ്കരിക്കുമ്പോൾ ഉപയോഗിക്കാറുണ്ട്. പ്രത്യേകിച്ച്, രാജാക്കന്മാരുടെ...ഇത് ആമോസപ്പൻ പറഞ്ഞില്ല."

"കുഞ്ഞേ, നീ അതെന്തിനാണ് ഇപ്പോൾ പറയുന്നത്?", ജോസഫിനു ദേഷ്യം വന്നു.

"അതെന്താ? അമ്മ പറഞ്ഞല്ലോ ഞാൻ രാജാവാകണം. ആയിക്കോട്ടെ. ഞാനതു സ്വീകരിച്ചിരിക്കുന്നു. ഞാൻ നാടു നീങ്ങുമ്പോൾ നിങ്ങളിത് അർപ്പിക്കുക."

"ഈ ചേട്ടനെന്ത്വാ....", ദീന കരയുവാൻ തുടങ്ങി.

"നീയെന്തിനാണ് കരയുന്നതു മോളേ... നാടു നീങ്ങുന്ന കാര്യം പറഞ്ഞതിനാണോ? അമ്മ പറയുന്നു, അപ്പൻ പറയുന്നു, ആമോസപ്പൻ പറയുന്നു.....രാജാവാകാൻ. ഈ ലോകം മുഴുവൻ പറയുന്നു രാജാവാകാൻ...എന്നിട്ടിപ്പോ കുന്തുരുക്കത്തിന്റെ ഉപയോഗം പറഞ്ഞപ്പോൾ ദേ ആർക്കും വേണ്ട രാജത്വം...."

"പൊന്ന്....." യേശു സ്വർണ്ണത്തിന്റെ തളിക കൈകളിലെടുത്തു. "സ്വർണ്ണക്കിരീടം, ചെങ്കോൽ, പൊൻമോതിരം....അമ്മ എപ്പോഴും പാടുന്ന ഒരു പാട്ടുണ്ടല്ലോ. ഈ ഇസ്രയേലിലെ സ്ത്രീകൾ പാടുന്ന പാട്ട്.....

"അയയ്ക്കും വെറുതെ സിംഹാസനസ്ഥരെ.....

ഇരുത്തും പീഡിതരെ വാഴ്‌വിൽ

അയയ്ക്കും സംതൃപ്തരെ വെറും കയ്യാൽ

# കുരിശു തളിരിടുന്ന കാലം (രണ്ടാം ഭാഗം)



റവ. രജി ഡാൻ കെ. ഫിലിപ്പോസ്

നിറയ്ക്കും പട്ടിണിക്കാർക്ക് ആശ്വാസമായി....."

"അമ്മേ, സിംഹാസനവും ചെങ്കോലും.....അത് കയറിയിരിക്കാനും ഇറങ്ങിപ്പോകാനുമുള്ളതാണ്. ഒരാളെ മാറ്റിയിട്ട് ഞാൻ ഇന്നു കയറിയിരുന്നാൽ നാളെ എന്നെ മാറ്റിയിട്ട് മറ്റൊരാൾ അവിടെ സ്ഥാനം പിടിക്കും. സിംഹാസനത്തിന്റെ മാത്രം പ്രത്യേകതയാണിത്. പക്ഷേ നിങ്ങൾ ചിലതു മറന്നു. ചിലതൊക്കെ മറന്നതായി ഭാവിച്ചു. അപ്പനോടു ദൂതനെന്താ പറഞ്ഞത്? എന്റെ പേരിന്റെയർത്ഥം? രക്ഷിക്കുന്നവൻ.... രക്ഷിക്കുന്നതും രാജ്യഭരണവും തമ്മിൽ ചേരുമെങ്കിലും എന്താണതിന്റെ പൂർണ്ണമായ അർത്ഥം? പാപങ്ങളിൽ നിന്നു വിടുവിക്കുന്നവൻ......അത് റോമാചക്രവർത്തിയുടെ സിംഹാസനമാണോ? ദാവീദിന്റെ രാജസ്ഥാനമാണോ? അല്ല. പാപമെന്താണെന്നു പോലും അറിയാതെ പാപത്തിന്റെ പീഡനങ്ങളേൽക്കുന്നവരുണ്ട്....എനിക്കവരെ വിടുവിക്കണം. രക്ഷിക്കണം. രക്ഷിതാവാകാം, പക്ഷേ രാജാവാകാൻ പറ്റില്ല. ഏതമ്മയ്ക്കും അപ്പനും തോന്നും, മകൻ രാജാവാകണമെന്ന്. എന്തിനധികം, എനിക്കു തോന്നുന്നില്ലേ? പക്ഷേ ആരുടെ രാജാവാകാൻ? പൊന്നു മാത്രമേ കണ്ടതുള്ളൂ കുന്തുരുക്കം കണ്ടതില്ല ജ്ഞാനികൾ ഇതെല്ലാം ഒരുമിച്ചല്ലേ കാഴ്ച വച്ചത്?"

യേശു പറയാൻ തുടങ്ങിയാൽ എല്ലാവരും കേട്ടിരിക്കും.

"ജ്ഞാനി പറഞ്ഞു അധിപൻ വരുമെന്ന്. ശമുവേൽ പ്രവാചകന്റെ വാക്കുകളിൽ ഒരിടയൻ വരുമെന്നാണ്. ഒരു ഇടയനാകാം ഞാൻ. ആടുകളായ ജനങ്ങളുടെ ഇടയൻ. ദാവീദിന്റെ നിത്യസിംഹാസനമെന്നു പറഞ്ഞാലെന്താ? ദാവീദ് പഴയ ആട്ടിടയൻ. രാജദുഃഖങ്ങളുടെ നടുവിൽ ആശ്വാസം കണ്ടത് പഴയ ഇടയന്റെ ഗുഹയിലെ വടിയിലും വസ്ത്രങ്ങളിലുമാണെന്ന് അറിഞ്ഞുകൂടേ? അപ്പോൾ രാജാവോ, രാജാവ് കൊതിക്കുന്ന ഇടയനോ വലുത്? ഹൊ, ഈ വീട്ടിലിത് പറഞ്ഞു ഫലിപ്പിക്കാനാണു പാട്.

"അപ്പോൾ എന്നോട് ദൂതൻ പറഞ്ഞതോ?", മറിയ യേശുവിനോടായി ചോദിച്ചു.

"അതു ഞാൻ പറഞ്ഞല്ലോ. ഇടയനായ രാജാവാകാം. ജനങ്ങളുടെ രക്ഷിതാവാകാം. അമ്മ ഗലീലക്കടലിനെപ്പറ്റി പറഞ്ഞല്ലോ. അമ്മ, അവിടം കണ്ടിട്ടുണ്ടോ?" യേശു ഓരോരുത്തരെയും മാറിമാറി നോക്കി. ഇത്ര സുപരിചിതമായ കടലിന് എന്താ ഇത്ര പ്രത്യേകത എന്ന് അവർ ചിന്തിച്ചു. "അതിന്റെ തീരത്ത് എത്ര അശരണരുണ്ട്? രോഗികളുണ്ട്? സമനില തെറ്റിയവരുണ്ട്....അതിന്റെ തിരകൾ പോലെയാണെന്റെ മനസ്സ്.....അവരെയൊക്കെ കാണാനാണ് എനിക്ക് താൽപ്പര്യം. അവരോടൊപ്പമായിരിക്കാനാണ് എന്റെ ആഗ്രഹം...."

"അപ്പോൾ പിന്നെ ഞങ്ങളെ നോക്കാൻ ആരുണ്ട്?", ജോസഫാണ് അതു ചോദിച്ചത്.

"കണ്ടോ, രാജാവാകാൻ പോയാൽ ആർക്കും ചോദ്യമില്ല. കുളക്കരയിലെ അഗതിയോടൊപ്പം പോയാൽ പിന്നെ ചോദ്യമായി, പരിഭവമായി. ഞങ്ങൾക്കാരാ എന്നാരും ചോദിക്കരുത്. അതല്ല വിഷയം. ഞാനാരുടേതാണ്, ഞങ്ങൾ ആരുടേതാണ് എന്നാണ്....."

"ഈ സ്വർണ്ണം അതിന്റെ ഖനിയിൽ കിടന്നിരുന്നെങ്കിൽ ഈ കാഴ്ചയാകുമായിരുന്നോ? കുന്തുരുക്കമരം മുറിയ്ക്കപ്പെടുവാൻ സമ്മതിച്ചതുകൊണ്ടല്ലേ അതിന്റെ ജീവരക്തം ഇവിടെ എത്തിയത്. ഞാൻ ആ മരങ്ങളുള്ള മലകളിൽ പോയി ഇരുന്നിട്ടുണ്ട്. കുന്തുരുക്കമരത്തിന്റെ സുഗന്ധം കാറ്റായി എന്നെ പൊതിഞ്ഞിട്ടുണ്ട്. ആ മലകളിൽ യുവതീയുവാക്കൾ പ്രണയസല്ലാപങ്ങൾക്കായി എത്താറുണ്ട്. ഞാൻ കണ്ടതാണ് മഴു കൊണ്ട് വെട്ടി പാടുകൾ വരു

ത്തുന്ന പണിക്കാർ....ഞാൻ പറഞ്ഞു വന്നത് ആ കുന്തുരുക്കമരം പറഞ്ഞു കാണും....ഞാൻ ആരുടേതോ ആണ്. എന്റെ സിരകളിലൂടെ ഒഴുകുന്ന ജീവ രക്തം ആരുടേതോ, ആർക്കോ ഉള്ളതാണ്....മീറച്ചെടിയുടെ മുള്ളുകളുടെ ഉള്ളിൽ ഒളിപ്പിച്ച സുഗന്ധം ഇപ്പോൾ ഇവിടെ....."

"നിന്റെ കുറെ മുള്ളും മീറയും കുന്തുരുക്കവും...", അമ്മ പരിഭവം പറഞ്ഞു.

അവൻ അമ്മയോടു ചേർന്നിരുന്നു. അമ്മയുടെ കയ്യിൽ നിന്ന് എല്ലാ ചെപ്പുകളും ഏറ്റുവാങ്ങി. സ്വന്തം നെഞ്ചോട് ചേർത്തുവച്ചുകൊണ്ട് അവൻ പറഞ്ഞു:

"അപ്പാ, അപ്പൻ പറഞ്ഞില്ലേ കണക്കുകൂട്ടലുകൾ തെറ്റാണെന്ന്. ആരുടെ കണക്കുകൂട്ടലുകൾ? ചന്ദനമരം കൊണ്ട് ആരും മൺപാത്രങ്ങൾ വയ്ക്കുന്ന തട്ടുകൾ സാധാരണ പണിയാറില്ലല്ലോ. ദേവാലയത്തിന്റെ പണിക്കോ, കാഴ്ചവസ്തുക്കൾക്കോ അല്ലേ പണിയാറുള്ളൂ. എന്നെക്കൊണ്ട് എന്താ നിർമ്മിക്കേണ്ടത്? എന്തു വിശേഷവസ്തുവിനായി ഞാൻ ആയിരിക്കുന്നു? രാജാവാകാൻ? യശയ്യാപ്രവാചകന്റെ ചുരുളുകൾ വായിക്കുമ്പോഴൊക്കെ കഷ്ടപ്പെടുന്ന ദാസനായാണ് എന്നെ കാണാൻ സാധിക്കുക. ഞാൻ കുന്തുരുക്ക മലകളിലല്ല പോകുന്നത്, ഗലീലക്കടലിന്റെ കരയിൽ ബത്‌ലഹേമിൽ, ഒലിവ് മലകളിൽ....ഒലിവ് മരത്തിന്റെ കാറ്റുകൾ എന്നെ സുഖപ്പെടുത്തുന്നു. എന്റെ വ്യഥകളിൽ സൗഖ്യമരുളുന്നു. ഇവിടുത്തെ രാജ്യത്തെ ദുരിതങ്ങളുമായി ചേർത്താലോചിക്കുമ്പോൾ എനിക്ക് ദാസനായാൽ മതി. ദൈവത്തിന്റെ കഷ്ടപ്പെടുന്ന ദാസൻ."

മതി മകനേ, മതി. നീ ദാസനായാൽ മതി. ഒരു ദാസനായി തുടങ്ങുക. ചെറിയ തുടക്കം. പഴന്തുണിയിൽ തുടങ്ങുക. പൊട്ടിയ വാറുകൾ കൂട്ടിത്തുന്നിയ പാദുകങ്ങൾ ധരിക്കുക, ഉപവസിക്കുക.....പാദയാനം ചെയ്യുക....അതു മതി മകനേ. നീ ഏതായാലും ഞങ്ങൾ പറയുന്നത് മനസ്സിലാക്കി വരുന്നല്ലോ."

ജോസഫ് അത്രയും പറഞ്ഞപ്പോൾ മറിയത്തിനു സന്തോഷം തോന്നി.

"ഹാ.....ഹാ തമാശ.....തമാശ..... എനിക്കറിയാം നിങ്ങൾ എന്തിനാണ് ദാസനാകാൻ പറയുന്നതെന്ന്. ഇടയനായി തുടങ്ങുക.....ദേശത്തിലെ ഇടയന്മാരെ മുഴുവൻ കാശുകൊടുത്ത് വാങ്ങാൻ കഴിവുള്ളവൻ ആവുക....പഴന്തുണിക്കഥകളിൽ തുടങ്ങി പട്ടിന്റെ മിന്നലിൽ അവസാനിക്കുക.....പാദയാനങ്ങളിൽ തുടങ്ങി പല്ലക്കിൽ പരിസമാപ്തി കുറിക്കുക.....അങ്ങനെയൊക്കെ ദൈവത്തിന്റെ ദാസന്മാർ തന്നെ ചെയ്തിട്ടുണ്ട്....എന്നും, ഇന്നലെയും ഇന്നും ഒരു തച്ചനായ അപ്പന്റെ മകൻ ഒരു രാജാവാകുക.....എന്താമ്മേ ഇതുകൊണ്ട് പ്രയോജനം? എന്തിന് ജ്ഞാനികൾ നമുക്ക് ഈ നിക്ഷേപങ്ങളെ ദാനം ചെയ്തു? എന്തിന് അമ്മ അത് സൂക്ഷിച്ചു? അവർക്ക് ഇത് ദാനം ചെയ്തതിന്റെ ധന്യതയെങ്കിലും കാണും. നമ്മുടെ കൈവശം ഇതിരുന്നാൽ പിന്നീട് ഒരമ്മയും അത് നെഞ്ചിലേറ്റി ലാളിക്കില്ല. അമ്മേ, അമ്മയുടെ മോനും ആയിരം അമ്മമാരുടെ കൈമാറ്റം ചെയ്യുന്ന നിധിയായി മാറണം. ഒരു ആരാധനയിലെ ധൂപം പോലെ."

ആരുമൊന്നും പറഞ്ഞില്ല. യോസ്സെയും ദീനയും വീടിന്റെ പിന്നാമ്പുറങ്ങളിലേക്ക് ഓടിപ്പോയി. മൗനത്തിന്റെ നിമിഷങ്ങൾ. പകലിനു ചൂട് കൂടി വന്നു. തണുത്ത കാറ്റും ചൂടുകാറ്റും തമ്മിൽ പിണഞ്ഞ് അവിടെയെല്ലാം ഒഴുകി നടന്നു.

മറിയയുടെ മനസ്സിലേക്ക് ദേവാലയത്തിന്റെ ചിത്രം ഓടിയെത്തി. അരുമപ്പൈതലിനെയും കൊണ്ട് ദേവാലയത്തിന്റെ പടികൾ കയറിയ നിമിഷം. ഒരു അഭയാർത്ഥിപ്രവാഹത്തിന്റെ തിരക്കിനിടയിൽ ദേവാലയസന്ദർശനം. പരിച്ഛേദനയുടെ വേദനയിൽ ഒരു പേരും കൂടി അലിഞ്ഞു ചേർന്ന ദിനം.....എല്ലാ പുരുഷപ്രജകളുടെയും പേരിടലിനൊപ്പം വേദനയുടെ ഓർമ്മ കാണും. ദൈവത്തിന്റെ ജനമാക്കി മാറ്റുന്ന ദൈവത്തിന്റെ ഉടമ്പടി. ഈ പൈതലിന് ഈ ഉടമ്പടി എന്തു മനസ്സിലാകും? രക്ഷകനെന്നർത്ഥമുള്ള യേശു എന്ന് പേരിട്ടപ്പോൾ അനുഭവിച്ച വേദനയുടെ അർത്ഥമിതാണോ?

വിറയ്ക്കുന്ന കൈകളിൽ യേശുവിനെ എടുത്തുകൊണ്ട് ശിമയോൻ എന്ന ജ്ഞാനവൃദ്ധൻ പറഞ്ഞത് എന്താണ്? "നിന്റെ നെഞ്ചിലൂടെ ഒരു വാൾ കടക്കും...." ദൈവമേ ഇനിയും വാൾമുനകൾക്കായി എന്റെ നെഞ്ചിൽ ഇടമുണ്ടോ? ആർക്കറിയാം ആ ജ്ഞാനവൃദ്ധന്റെ വാക്കുകളുടെ അർത്ഥവും ഫലപ്രാപ്തിയും? ദൈവമേ, നിന്റെ വാളുകളുടെ ആക്രമണം ഇനിയും അവസാനിക്കാറായില്ലേ എന്നിൽ.....മറിയം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്റെ മകന്റെ ജീവിതമേ എനിക്കു വേദനയാണോ?.....

*(തുടരും)*

Some Scholars were discussing the great authors of the past. One asked, "What if Milton should suddenly enter the room?" 'Ah!', replied another, 'We would honour him and compensate him for the little recognition he received in his day'. A third man commented, "What if Shakespeare entered? Would we not all stand and proclaim him King of the poets?" Then someone ventured, "And if Jesus Christ should enter?" [illegible]

■■

**Footsteps that make the path** [illegible]

Lives of great men all remind us
We can make our lives sublime [illegible]
And departing leave behind [illegible]
Footprints on the sands [illegible]

Footprints, that perhaps another,
Sailing o'er life's [illegible]
A forlorn and shipwrecked brother,
Seeing, shall take heart again.

***(H.W.Longfellow)***

# കുട്ടികളും പഠനവൈകല്യങ്ങളും



ലിന്റാ ബഹനാൻ

**പ്ലേ സ്കൂളിൽ പഠിക്കുന്ന കുട്ടിയെ വായിക്കാൻ പഠിപ്പിക്കുകയും അതിനു ശ്രമിക്കുകയും ചെയ്യുന്ന അച്ഛനമ്മമാരുടെ കാലഘട്ടമാണിത്. ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടി അക്ഷരങ്ങൾ കൂട്ടി വായിക്കാത്തതിൽ വേവലാതിപ്പെടുന്ന മാതാപിതാക്കളുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിലുള്ള അമിതമായ ഉൽക്കണ്ഠ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായി മാറിയിരിക്കുന്നു.** അഞ്ചാം ക്ലാസ്സു വരെ കുട്ടികൾക്ക് ഒരു സിലബസും വേണ്ടെന്ന് വിദ്യാഭ്യാസ വിചക്ഷണൻമാർ പറയുന്നു. ഈ വിരോധാഭാസത്തിന്റെ നടുവിലാണ് നമ്മുടെ പിഞ്ചു കുട്ടികൾ. വളരെ പ്രതീക്ഷയോടെ നാം കുട്ടികളെ നല്ല സ്കൂളുകളിൽ പഠിപ്പിക്കുമ്പോൾ അവർക്കുണ്ടാകുന്ന പഠനപ്രശ്നങ്ങൾ മാതാപിതാക്കൾക്ക് വല്ലാത്ത ആകാംക്ഷയുണ്ടാക്കും. അദ്ധ്യാപകരും മാതാപിതാക്കളും കുട്ടികളെ മണ്ടന്മാരെന്നോ മന്ദബുദ്ധികളെന്നോ വിളിച്ച് കളിയാക്കും. മാർക്കു കുറഞ്ഞാൽ കളിയുടെ സമയം വെട്ടിച്ചുരുക്കൽ, സ്പെഷ്യൽ ട്യൂഷൻ, കൗൺസലിംഗ് മുതലായവ പ്രയോഗിക്കും. എന്നിട്ടും യാതൊരു മാറ്റവുമില്ലാതെ വരുമ്പോൾ മാതാപിതാക്കൾക്ക് കടുത്ത നിരാശ.

കുട്ടികൾ പരീക്ഷയിൽ വിജയിക്കാത്തതിന്റെ പുറകിൽ വ്യക്തമായ പഠനവൈകല്യങ്ങൾ കാണാം. ഇവ എന്താണെന്നുള്ള തിരിച്ചറിവ് മാതാപിതാക്കൾക്കുണ്ടാകണം. ലോകം കണ്ട വലിയ മഹാന്മാരിൽ പലർക്കും പഠനവൈകല്യങ്ങളുണ്ടായിരുന്നു. ഉദാ: ഐൻസ്റ്റീൻ, എഡിസൻ. ജോർജ് ബുഷ്, ബിൽ ഗേറ്റ്സ്, ബിൽ ക്ലിന്റൻ, ടോണി ബ്ലെയർ മുതലായ നേതാക്കളും പഠനവൈകല്യമുണ്ടായിരുന്നവരാണ്. പക്ഷേ അവരാരും ജീവിതത്തിൽ പരാജയപ്പെട്ടില്ല. പഠനവൈകല്യമുള്ള പലരുടെയും ബുദ്ധി ശരാശരിക്കു മുകളിലായിരുന്നു. ബുദ്ധിയും പഠനവൈകല്യവും തമ്മിൽ കൂട്ടിക്കുഴയ്ക്കാൻ പാടില്ല. ഇടതു കയ്യൻമാർക്ക് പഠനവൈകല്യമുള്ളതായി കണ്ടിട്ടുണ്ട്. പഠനവൈകല്യം ഡിസ്ലെക്സിയ എന്ന ഓമനപ്പേരിലാണ് അറിയപ്പെടുന്നതെങ്കിലും ആ വാക്കിന് ഇന്ന് പ്രസക്തിയില്ല. 1896-ൽ ഇംഗ്ലണ്ടിലെ ഒരു ഡോക്ടറാണ് ഇതു പഠനവിധേയമാക്കിയത്. കാഴ്ചശക്തിയുമായി ഇതിനു ബന്ധമുള്ളതായി അന്ന് കരുതിയിരുന്നു. അമേരിക്കയിൽ 12% സ്കൂൾ കുട്ടികൾക്ക് പഠനവൈകല്യമുണ്ടെന്നു പറയുന്നു. ഇന്ത്യയിൽ ഏതാണ്ട് മൂന്നു കോടിയോളം കുട്ടികൾക്ക് പഠനവൈകല്യങ്ങളുള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. ഇത്തരം കുട്ടികളിൽ നാൽപ്പതു ശതമാനത്തോളം പേർ പഠനം പൂർത്തിയാക്കാത്തതായും കാണുന്നു. ബുദ്ധിയുള്ള കുട്ടികളിൽ പലരും പഠനവൈകല്യങ്ങൾ മൂലം സാമൂഹ്യവിരുദ്ധരായി മാറുന്നതായും കാണുന്നു. പല ക്രിമിനലുകളും അതീവബുദ്ധിയുള്ളവരാണ്. ചാൾസ് ശോഭരാജ് ഒരുദാഹരണം.

> പഠനവൈകല്യങ്ങളുണ്ടാകാനുള്ള കാരണങ്ങൾ പലതാണ്. നേരത്തെയുള്ള പ്രസവം, പ്രസവസംബന്ധമായ പ്രശ്നങ്ങൾ, ശൈശവപ്രായത്തിൽ കുട്ടികളുടെ മസ്തിഷ്കത്തിലുണ്ടാകുന്ന ആഘാതങ്ങൾ തുടങ്ങിയവ. പോഷകാഹാരത്തിന്റെ കുറവും കാരണമാകുന്നുണ്ട്. പഠനവൈകല്യം ഒരു ന്യൂറോളജിക്കൽ പ്രശ്നമാണ്.

പഠനവൈകല്യങ്ങൾ ആദ്യമായി മനസ്സിലാക്കേണ്ടത് അദ്ധ്യാപകരാണ്. അത് പലപ്പോഴും ഉണ്ടാകുന്നില്ല. കേൾവിക്കുറവു കൊണ്ടും കാഴ്ചക്കുറവു കൊണ്ടും പഠനത്തിൽ പിന്നോക്കമാകാം. ശാരീരിക വൈകല്യങ്ങൾ പോലും വളരെ താമസിച്ചാണ് മാതാപിതാക്കളും അദ്ധ്യാപകരും മനസ്സിലാക്കുന്നത്. അങ്ങനെ പഠിത്തത്തിൽ പിന്നോക്കം പോകുന്ന കുട്ടിയെ മണ്ടനെന്ന് മുദ്രയടിക്കും. അതവനെ മാനസികമായി ബാധിക്കും. പിന്നെ അവൻ നിരന്തരമായി തോൽവിയടയുന്നു. പഠനവൈകല്യങ്ങൾ എന്തെല്ലാമാണെന്ന് മാതാപിതാക്കളും അദ്ധ്യാപകരും പ്രത്യേകം മനസ്സിലാക്കണം.

പഠനവൈകല്യങ്ങൾ പ്രധാനമായും മൂന്നു തരത്തിലാണ്. ഒന്ന്, വായനയുമായി ബന്ധപ്പെട്ടത്. വാക്കുകൾ തിരിച്ചറിയാനുള്ള വിഷമം, വായിക്കാനുള്ള വിഷമം; ഇങ്ങനെ വരുമ്പോൾ വായിച്ചതു തന്നെ മനസ്സിലാക്കാൻ വിഷമം വരുന്നു. അക്ഷരങ്ങൾ തമ്മിലുള്ള വലിപ്പവ്യത്യാസം വേർതിരിച്ചു മനസ്സിലാക്കാൻ കുട്ടിയ്ക്ക് കഴിയുന്നില്ല. അപ്പോൾ സ്പെല്ലിംഗിൽ ഇവർ പുറകിലാകുന്നു. ഇവർ വായിക്കുമ്പോൾ വാക്കുകൾ വിട്ടു കളയും. ഒരു വാക്കിനോട് മറ്റൊരു വാക്ക് കൂട്ടിച്ചേർക്കും. അല്ലെങ്കിൽ വാക്കുകൾ വളച്ചൊടിക്കും. ഇവർ വായനയിൽ മടി കാണിക്കും. രണ്ട്, എഴുത്തുമായി ബന്ധപ്പെട്ടത്. ഏതാണ്ട് മൂന്നു മുതൽ പത്തു ശതമാനം സ്കൂൾ കുട്ടികൾക്ക് ഈ വൈകല്യം കാണുന്നുണ്ട്. ഇവരുടെ എഴുത്തിലും സ്പെല്ലിംഗിന്റെ പ്രശ്നം ഉണ്ടാകുന്നു. ചിലർക്ക് വാക്കിന്റെ പ്രതിബിംബം എഴുതാനുള്ള പ്രവണതയുണ്ടാകും. അതായത് cat എന്ന് എഴുതേണ്ടിടത്ത് ഇവർ tac എന്നെഴുതും. ഒരു വാചകത്തിന്റെ ആദ്യം വലിയ അക്ഷരം എഴുതാൻ അവർക്ക് പറ്റില്ല. ശരിയായ വാക്കുകൾ എഴുതാൻ കഴിയാതിരിക്കുക, വ്യാകരണത്തെറ്റുകൾ വരുത്തുക, ഇതെല്ലാം ഈ കൂട്ടരുടെ പ്രത്യേകതകളാണ്. മൂന്നാമത്തെ കൂട്ടർ കണക്ക് ചെയ്യുന്ന

തിൽ വൈകല്യമുള്ളവരാണ്. കണക്കിന്റെ തത്വങ്ങൾ ഈ കുട്ടർക്ക് പലപ്പോഴും പിടികിട്ടുകയില്ല. കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതിൽ ഇവർ തെറ്റുകൾ വരുത്തുന്നു. അതേ സമയം ഇവരുടെ ബുദ്ധി ശരാശരിയെക്കാൾ കൂടുതലാണ്. എന്നാലും നാം ഇവരെ മണ്ടരെന്ന് മുദ്ര കുത്തും.

പഠനവൈകല്യങ്ങളുണ്ടാകാനുള്ള കാരണങ്ങൾ പലതാണ്. നേരത്തെയുള്ള പ്രസവം, പ്രസവസംബന്ധമായ പ്രശ്നങ്ങൾ, ശൈശവപ്രായത്തിൽ കുട്ടികളുടെ മസ്തിഷ്കത്തിലുണ്ടാകുന്ന ആഘാതങ്ങൾ തുടങ്ങിയവ. പോഷകാഹാരത്തിന്റെ കുറവും കാരണമാകുന്നുണ്ട്. പഠനവൈകല്യം ഒരു ന്യൂറോളജിക്കൽ പ്രശ്നമാണ്. പക്ഷേ മാനസികപ്രശ്നങ്ങളുമായി നാം കൂട്ടിക്കുഴയ്ക്കാറുണ്ട്. ആഴമേറിയ മാനസികപ്രശ്നം പഠനവൈകല്യങ്ങൾക്കു കാരണമാകാം. ബുദ്ധിമാന്ദ്യം, കേൾവിക്കുറവ്, കാഴ്ചക്കുറവ് എന്നിവയുള്ള എല്ലാവരിലും പഠനവൈകല്യങ്ങൾ കണ്ടെന്നു വരാം. ഇത്തരം കുട്ടികളെ നേരത്തെ തിരിച്ചറിയുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്കു നൽകണം. നേരത്തെ കണ്ടുപിടിച്ചാൽ പരിശീലനത്തിലൂടെ ഇവരെയെല്ലാം ബഹുമിടുക്കൻമാരാക്കിയെടുക്കാം. ഇവർക്ക് പബ്ലിക് പരീക്ഷകളിൽ ധാരാളം ഇളവുകൾ സർക്കാർ കൊടുക്കുന്നുണ്ടെന്ന കാര്യം അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും അറിയില്ല. പഠനവൈകല്യമുള്ളവർക്ക് ചികിത്സയും പരിശീലനവും ഇന്ന് ധാരാളം ലഭ്യമാണ്. പഠനവൈകല്യമുള്ളവരെ മണ്ടന്മാരെന്നു മുദ്ര കുത്തുന്ന മനോഭാവം മാറ്റുകയാണാവശ്യം. അങ്ങനെയായാൽ മണ്ടന്മാരിൽ നിന്ന് ധാരാളം മഹാന്മാരെ സൃഷ്ടിക്കുവാൻ നമുക്കു സാധിക്കും.

*(ലേഖിക വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ഒാക്യുപ്പേഷണൽ തെറാപ്പി വിദ്യാർത്ഥിയാണ്.)*

## പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും

*(പേജ് 12 തുടർച്ച)*

മെന്താണ്? തോമസ് അകിനാസ് ഇപ്രകാരം പറഞ്ഞിട്ടുണ്ട്. ശരീരമാകുന്ന സഭയുടെ തലയാകുന്നു യേശുക്രിസ്തു. പക്ഷേ പരിശുദ്ധാത്മാവാണ് ഹൃദയം. തലയും ഹൃദയവും അന്ത്യലാക്കിലേക്ക് വിവിധ മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നതു പോലെ ക്രിസ്തുവും ആത്മാവും ഒരേ ലാക്കിലേക്ക് വിവിധ രീതിയിൽ പ്രവർത്തിക്കുന്നു. അതായത്, ഏവരുടെയും രക്ഷയ്ക്കായിട്ടാണ് മുന്നേറുന്നത്. വി. ഐറേനിയസ് ദൈവത്തിന്റെ രണ്ടു കൈകളായിട്ടാണ് വചനവും ആത്മാവും വിവരിക്കുന്നത്. ക്രിസ്തീയ പാരമ്പര്യത്തിൽ ദൈവവചനത്തിന്റെ ദൗത്യം ആത്മാവിന്റെ പ്രവർത്തനം പോലെയല്ല. വചനം ജഡമായി (യോ.1:1). അപ്പോൾ വചനം ചരിത്രത്തിന്റെ ഭാഗമായി. യേശുക്രിസ്തു പന്ത്രണ്ട് അപ്പോസ്തലന്മാരെ തിരഞ്ഞെടുത്തു. തിരുവത്താഴാചാരം സ്ഥാപിച്ചു. അത് സഭയുടെ ഏറ്റം പ്രധാനമായ വിശുദ്ധ കർമ്മമായി. കർത്താവിന്റെ വചനങ്ങൾ പുതിയനിയമത്തിൽ സംരക്ഷിച്ചിരിക്കുന്നു. സഭയെന്ന സ്ഥാപനത്തിന്റെ വളർച്ചയിലും പുരോഗമനത്തിലും യേശുക്രിസ്തു ബന്ധപ്പെട്ടിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് സകലത്തിന്റെയും നാഥനാണെന്നു നാം ഘോഷിക്കുന്നു.

ദൈവാത്മാവിന്റെ വ്യാപാരത്തെ കുറെക്കൂടി വ്യാപകമായും അവ്യക്തമായുമാണ് നാം കാണുക. ദൈവാത്മവ്യാപാരം പലവിധത്തിലാണ് വിവരിക്കുക. കാറ്റ് (യോഹ. 3:8; അ. പ്ര. 2:1-2). ജലം (യോഹ. 4:14; 7:38-39) തൈലം (ലൂക്കോ. 4:18; അ. പ്ര. -10:38); അഗ്നി (അ. പ്ര. 2:3) പ്രാവ് (മത്താ. 3:16) മർക്കോ. 1:10); ഇവയെല്ലാം ദൈവാത്മവ്യാപാരത്തിനു മൂലാധാരമാണ്. കാറ്റിന്റെ ഉപമയിലൂടെ ആത്മാവിന്റെ സ്വഭാവം നമുക്ക് വിവിധ രീതിയിൽ വിവരിക്കാം. (1) അത് അദൃശ്യമാണ്. ആർക്കും കാറ്റിനെ കാണാനാവില്ല. എന്നാൽ കാറ്റടിക്കുമ്പോൾ നടക്കുന്ന സംഭവങ്ങൾ നമുക്കു കാണാനാവും. (2) കാറ്റ് ഇഷ്ടമുള്ളിടത്തേക്കു വ്യാപരിക്കുന്നു (3) കാറ്റ് എല്ലായിടത്തും എല്ലാവരുടെമേലും അടിക്കുന്നതിനാൽ അതിന് സാർവത്രികത്വമുണ്ട്. (4) അത് ശക്തമാണ്, അതേസമയം സൗമ്യവുമാണ്. കാറ്റ് സാവകാശമായും ശക്തമായും വീശും. അതു വ്യാപരിക്കുന്നിടത്ത് എല്ലാത്തിനെയും പുതുക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യും. (5) കാറ്റ് മുന്നറിയിപ്പു കൂടാതെയാണ് വീശുന്നത്. [illegible]മായി ആത്മാവിന് [illegible] (ഉൽപ. 1:1) പുതുക്കുന്നു (യെഹെ. 37:1-14) പുതിയ സൃഷ്ടിയുണ്ടാക്കുന്നു. (യെഹെ. 11:19; 18:31; യോവേൽ 3:1; റോമ. 8:19-26). ദൈവാത്മാവ് സകലത്തും അഹിംസാപരമായാണ് പ്രവർത്തിക്കുക (സെഫ. 2:6) മനുഷ്യരുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നു.

യേശുക്രിസ്തുവിന്റെയും ദൈവാത്മാവിന്റെയും പ്രവർത്തനം വേർതിരിച്ചു കാണാനാവില്ല. ഒരേ ലക്ഷ്യത്തിലേക്കാണു പ്രയാണം. അതു വേർതിരിച്ചു കാണാൻ ശ്രമിച്ചാൽ ലോകത്തിൽ ദൈവിക വ്യാപാരം കാണാനാവാതെ വരും. ഇതരമതങ്ങളിൽ ദൈവാത്മാവിന്റെ പ്രവർത്തനം കാണാൻ ശ്രമിക്കുമ്പോൾ ചില കാര്യങ്ങളിൽ ശ്രദ്ധയുണ്ടാവണം. • ദൈവം സ്നേഹമാണെന്ന അടിസ്ഥാന ക്രിസ്തീയപ്രമാണത്തോടു താദാത്മ്യപ്പെടണം. • സുവിശേഷസത്യങ്ങളോടു യോജിക്കാത്ത പ്രമാണങ്ങൾ സ്വീകരിക്കുന്നതു സൂക്ഷിക്കണം. • ക്രിസ്ത്യൻ സമൂഹത്തിനു അംഗീകരിക്കാവുന്ന സത്യങ്ങൾ വേണം ചൂണ്ടിക്കാണിക്കാൻ. • നീതി, സത്യം, സ്നേഹം ഇവയിൽ അടിസ്ഥാനപ്പെട്ട പുതിയ മാനവികത കെട്ടിപ്പടുക്കുവാൻ ഉതകുന്നതാവണം.

*(തുടരും)*

## പ്രതികരിക്കൂ...

[illegible]



# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

## മലങ്കര നസ്രാണികൾ

ഏതാനും കുടുംബചരിത്രങ്ങൾ അടുത്തിടെ വായിക്കാനിടയായി. എല്ലാവരും അവകാശപ്പെടുന്നതു ബ്രാഹ്മണ പാരമ്പര്യമാണ്. സ്വാഭാവികമായും ഇതിൽ എന്തോ പന്തികേടുണ്ടെന്നു തോന്നി. അപ്പോസ്തലൻ മാനസാന്തരപ്പെടുത്തിയവരിൽ ബഹുഭൂരിപക്ഷവും ബുദ്ധമതവിശ്വാസികളായ ദ്രാവിഡരായിരുന്നു. എന്നാൽ ഈ പൈതൃകം ആരും അവകാശപ്പെട്ടു കാണുന്നില്ല. കാര്യങ്ങൾ മനസ്സിലാക്കണമെങ്കിൽ ബഹുദൂരം പിന്നോട്ടു സഞ്ചരിക്കേണ്ടിയിരിക്കുന്നു.

കേരളത്തിൽ ആദ്യമായി ക്രിസ്തുമതം സ്വീകരിച്ചത് തുറമുഖനഗരങ്ങളിൽ താമസിച്ചിരുന്ന യഹൂദന്മാരായിരുന്നു. കച്ചവടത്തിനായി ഇവിടെ താമസിച്ചിരുന്ന അവരെ അന്വേഷിച്ചായിരിക്കാം അപ്പോസ്തലനും സംഘവും ഇവിടെ എത്തിയത്. ഒന്നാം നൂറ്റാണ്ടിൽ ഇവിടെ പ്രബലമായിരുന്നത് ബുദ്ധമതമായിരുന്നു. ഭരണാധികാരികളും ബുദ്ധമതക്കാർ. ശ്രീബുദ്ധന്റെ അഹിംസാസന്ദേശം ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പ്രതിധ്വനിച്ചതുമൂലം പുതിയ മതം വൈദേശികമായി തോന്നിയിരിക്കാനിടയില്ല. ഏതാനും ബ്രാഹ്മണ കുടുംബങ്ങൾ ക്രിസ്തുമതം സ്വീകരിച്ചതിൽ അതിശയിക്കാനുമില്ല. സമൂഹത്തിൽ അന്ന് അവർക്കു വലിയ സ്വാധീനമൊന്നുമുണ്ടായിരുന്നില്ല. കുളിയും തേവാരവും അനുഷ്ഠാനങ്ങളുമായി ജീവിച്ച അവർ ഭക്ഷണം, ശരീരശുദ്ധി, വ്രതം എന്നിത്യാദി കാര്യങ്ങളിൽ തങ്ങളെപ്പോലെ തന്നെ നിഷ്ഠ പുലർത്തിയ മറ്റൊരു സമൂഹത്തെ അംഗീകരിച്ചത് തികച്ചും സ്വാഭാവികം. മാത്രമല്ല, സുവിശേഷവുമായി തങ്ങളെ സമീപിച്ചവർ വെളുത്തു ചെമന്ന് ആകാരഭംഗിയുള്ളവരാകയാൽ തീർത്തും അവഗണിക്കുവാൻ കഴിയുമായിരുന്നില്ല. എങ്കിൽത്തന്നെ വിരലിലെണ്ണാവുന്ന ഒരു ചെറിയ സംഘത്തെ മാത്രമേ ക്രിസ്തുമാർഗ്ഗത്തിലേക്കു കൊണ്ടുവരാൻ കഴിഞ്ഞുള്ളൂ. പൗരോഹിത്യം അവരുടെ കുലത്തൊഴിലാകയാൽ സഭയിൽ ഇടയശുശ്രൂഷ ചെയ്യുവാൻ അവരെയായിരിക്കാം ചുമതലപ്പെടുത്തിയത്. ജാതിരഹിതമായ അന്നത്തെ ചുറ്റുപാടിൽ ഈ മൂന്നു സമൂഹങ്ങളും ലയിച്ചു ചേർന്ന് രൂപം കൊണ്ടതാവാം മലങ്കര നസ്രാണിസമൂഹം.

ഇനി മറ്റു രണ്ടു വിഭാഗങ്ങളെപ്പറ്റി സൂചിപ്പിക്കേണ്ടതുണ്ട്. നാലാം നൂറ്റാണ്ടിൽ ക്നായിത്തൊമ്മന്റെ കുടിയേറ്റം, ഒമ്പതാം നൂറ്റാണ്ടിൽ സർബരീശോയും സംഘവും കൊല്ലത്തെത്തിയത് ഇവയെല്ലാം നസ്രാണിസമൂഹത്തിൽ വർഗ്ഗപരമായി പുതിയ സങ്കലനത്തിനു വഴിയൊരുക്കി. വിദേശത്തു നിന്നെത്തിയവർ വ്യാപാരികളായിരുന്നു. വൈശ്യസമൂഹത്തിന്റെ അഭാവത്തിൽ ആ ചുമതല ഏറ്റെടുത്ത നസ്രാണികൾക്ക് പേർഷ്യൻ കുടിയേറ്റം വ്യാപാര, വാണിജ്യ മേഖലകളിൽ പുതിയ പടവുകൾ കയറാൻ അവസരം നൽകി. മാത്രമല്ല, വൈദ്യശാസ്ത്രം, മാന്ത്രികം തുടങ്ങിയ മേഖലകളിൽ നിർണ്ണായക സംഭാവനകൾ നൽകുവാനും ഈ ബന്ധം ഉപകരിച്ചു. നിനവെയിൽ നിന്നെത്തിയ മാർ ആബോ ആണ് തേവലക്കര വൈദ്യന്മാരെ കണ്ണുചികിത്സ പഠിപ്പിച്ചത്. ഒന്നാമത്തെ കടമറ്റത്തച്ചനെ മാന്ത്രികവിദ്യ പഠിപ്പിച്ചത് ഇദ്ദേഹം തന്നെയാണെന്നു കരുതുന്നു.

ഇനി പറയാനുള്ളത് തമിഴ്നാട്ടിൽ നിന്നുള്ള അഭയാർത്ഥികളെക്കുറിച്ചാണ്. ചേരരാജാക്കന്മാർ മതസഹിഷ്ണുതയുള്ളവരായിരുന്നു. ക്രിസ്ത്യാനികൾക്കു ഭരണാധികാരികളിൽ നിന്ന് പീഡനമനുഭവിക്കേണ്ടി വന്നിട്ടില്ല. എന്നാൽ ചോള, പാണ്ഡ്യ രാജാക്കന്മാർ പീഡനം അഴിച്ചുവിട്ടപ്പോൾ പലരും കേരളത്തിലേക്കു കുടിയേറി. നസ്രാണിസമൂഹത്തിൽ ലയിച്ചു ചേർന്നത് സവർണ്ണ വെള്ളാള ക്രിസ്ത്യാനികളായിരുന്നു. മൂവായിരത്തിലധികം വെള്ളാള ക്രിസ്ത്യാനികൾ ഇപ്രകാരം സഭയുടെ ഭാഗമായിത്തീർന്നുവെന്ന് ചരിത്രഗവേഷകനായ ടി. കെ. ജോസഫ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതാണ് നമ്മുടെ പൈതൃകം. നമ്മുടെ വേരുകൾ തേടിപ്പോകുമ്പോൾ ഈ വസ്തുതകളെല്ലാം കണക്കിലെടുക്കേണ്ടതാണ്. ●



# SOME POPULAR HYMNS

JOHN ALEXANDER

Christian hymns always formed an integral part of our worship and praise to God Almighty. The words of the hymn together with its music have convicted the sinner, comforted the seekers of truth, provided solace to the sick, strengthened the preacher, given joy to poor individuals. The allusions and association of a hymn encompass a wide world of knowledge. Christian hymns have a universal appeal, as they include believers and non-Christians too. Through competent translation, famous hymns have been made accessible to a wide segment of population of all the continents of the world. Some hymns are totally nation-centric; this may include national anthems which have a Christian base. Some hymns are culture-centric, as they draw inspiration from that culture.

The English speaking Christian population of the world have loved many popular hymns. Some of them are worth remembering. Samuel J. Stone's hymn was triggered off by the heat raised in theological circles in the Anglican Church in Britian in the second half of the nineteenth century. An Anglican Bishop had published a book *The Pentateuch and the Book of Joshua criticially examined* in the early 1860s, which challenged the accuracy of the first five books of the Old Testament. So Samuel J. Stone wrote the classic hymn:

*The Church's one foundation*
*Is Jesus Christ her Lord;*
*She is his new creation*
*By water and the Word:*
*From Heaven He came*
*and sought her*
*To be His Holy bride*
*With His own blood*
*He bought her,*
*And for her life He died.*

The original composer of the music for the hymn was none other than the grandson of Charles Wesley.

Charles Wesley (1707-1788), the great hymn writer of the Methodists, wrote a well-known hymn in 1749. It was to celebrate the eleventh anniversary of his very personal conversion, and the momentous off the cuff comment of a Moravian Churchman, 'Had I a thousand tongues, I would praise Christ Jesus with all of them. So Charles Wesley wrote:

*O for a thousand tongues to sing*
*My great redeemer's praise,*
*The glories of my God and King,*
*The triumphs of His grace.*

Isaac Watts (1674-1748), the grand patriarch of English hymnody, had poetic leaning from his childhood. This annoyed his father. Yet he wrote the gem of a hymn centred on Psalm 90:

*O God our help in ages past,*
*Our hope for years to come,*
*Our shelter from the stormy blast,*
*And our eternal home!*

Sir Robert Grant (1779-1838) was born in India. He was appointed Governor of Bombay in 1834 and was an active churchman. People loved him and they built a Medical College which is known as Grant Medical College.

The hymn harps on the theme of worship.

*O worship the King*
*All glorious above,*
*And gratefully sing*
*His power and His love;*
*Our Shield and Defender,*
*The Ancient of Days*
*Pavilioned in splendour*
*And girded with praise.*

Augustus M. Toplady (1740-1778) turned to Christ when he was just a lad of sixteen years. A Calvinist in his beliefs, his hymn was sung at the funeral service of British Prime Minister, William Evart Gladstone, in the hallowed Westminster Abbey. The hymn was inspired by St. Paul's first letter to the Corinthians (10:1-4). It is solemn and very elevated in tone.

*Rock of ages cleft for me,*
*Let me hide myself in Thee;*
*Let the water and the blood,*
*From thy wounded side*
*which flowed,*
*Be of sin the double cure,*
*Cleanse me from it guilt and power.*

A hymn which is like a chant or plain song tracing its genesis to the medieval age around twelfth century, had been fleshed out by London-born John Neale (1818-1866). He was an indefatigable researcher who wanted to make accessible to people the spacious inheritance of Greek and Latin hymns. The hymn is interspersed with titles of Jesus Christ in the Scriptures:

*O come, O come, Emmanuel and ransom captive*
*Israel, that mourns in lonely exile here*
*Until the Son of God appear,*
*Emmanuel shall come to thee, O Israel.*

The four line doxology which speaks of the belief in the Trinity had been penned by an Anglican Bishop Thomas Ken (1637-1711), who came on the wrong side of Roman Catholic Stuart King James II, and was consigned to the Tower of London in disgrace. Soon he was reinstated by deposed James II's son-in-law William III.

*Praise God from whom all blessings flow,*
*Praise Him, all creatures here below,*
*Praise Him above, you heavenly host;*
*Praise Father, Son, and Holy Ghost. Amen.*

The Welsh people are great singers since the time of Druids. A perceptive hymnologist sharply commented that what Isaac Watts was to England,

William Williams was to Wales. He pastored the Anglican Church for a short time, and then in 43 years logged 160,000 km on horse back, preaching and singing in Welsh language. William Williams (1717-91) is justly famous for this superb hymn:

*Guide me, O Thou great Jehovah,*
*Pilgrim through this barren land,*
*I am weak but thou art mighty*
*Hold me with Thy powerful hand;*
*Feed me till I want no more,*
*Feed me till I want no more.*

Isaac Watts (1674-1748) wrote another perennial in 1707 for congregational singing during the Lord's Supper. It is worth remembering that when he criticised the poor congregational singing in the churches of his time, his father once retorted, 'Why don't you give us something better, young man?' And he never stopped writing hymns.

The hymn is :

*When I survey the wondrous cross,*
*On which the Prince of Glory died,*
*My richest gain I count but loss,*
*And pour contempt on all my pride.*

An Anglican priest and writer of 85 books, Sabine Baring Gould (1834-1924) is remembered for a children's hymn penned in great haste in 1865. Its military phraseology once made Lord Curzon, the British Viceroy of India, to request the Church authorities to delete the hymn from a Church service in which he and other dignitaries were to be present. Its start is evocative.

*Onward, Christian soldiers, marching as to war,*
*With the cross of Jesus going on before*
*Christ the Royal Master, leads against the foe;*

***Christian hymns always formed an integral part of our worship and praise to God Almighty. The words of the hymn together with its music have convicted the sinner, comforted the seekers of truth, provided solace to the sick, strengthened the preacher, given joy to poor individuals.***

*Forward into battle see His banner go!*

Across the Atlantic ocean, the United States of America also contributed its mite to the cornucopia of well-treasured and well-liked hymns. Though the USA came into existence only in 1776, it plunged headlong in missionary activities with great gusto. In this scenario, a few famous hymns found universal appeal in English speaking congregations.

Will L. Thompson (1847-1969) who owned a publishing house and musical instrument shop in Chicago, was fond of writing both secular and Christian compositions. A personal friend of evangelist par excellence, D.L.Moody, penned the hymn due to his inspiration. It was widely used by D.L.Moody and Sankey in their evangelistic meetings in Britian in early 1860s.

*Softly and tenderly Jesus is calling,*
*Calling for you and for me,*
*See on the portals He's waiting and watching,*
*Watching for you and for me*
*Come home, come home,*

These hymns were translated by missionaries in Indian languages, as they knew them; the new converts had no repertoire of hymns, written all by themselves. Of course, Kerala and other neighbouring areas had hymns in their own languages, as Christianity had come along with St. Thomas in 52 A.D. in this part of India.

However, for quite some time, Indian hymn writers have earned name for themselves. Narayan Waman Tilak, for instance, penned memorable Marathi hymns. This is a field where with modern musical gadgets like synthesiser, hymns can be made more appealing to the listeners. Instead of organ music backed up at time with musical instruments like piano, violin, clarinet etc, Indian hymn writers can make use of Indian musical instruments. Indian diaspora across the world can use hymns written in various languages of India in their own ethnic congregations. The time is propitious now for two-way traffic of hymnody, old and new, across nations and cultures. This would make Christians and non-Christians familiar with hymns coming from various national origins.

In today's world, Western hymns should become familiar to non-Western Christian congregations and individuals and it should also be true vice-versa. There is increased travel and mobility of people across nations, thanks to multiple communication and transport revolutions. Forces of globalisation, modernisation and movement of people are pushing and pulling people to live with those who may share the same religious beliefs, yet are separated by barriers of nationality, race, colour, tribe, language etc.

***(John Alexander, based at Nagpur, occasionally contributes articles to Christian publications.)***

## BOOK REVIEW

### നിങ്ങൾക്കും ജീവിക്കാൻ ഒരു ഹൃദയം

ഡോ. റേച്ചൽ സാമുവൽ, പ്രെയർ മൗണ്ടൻ, വട്ടപ്പാറ
തിരുവനന്തപുരം - 695 028 ● വില : 100/- രൂ.

ഹൃദയത്തിന്റെ ഘടന, ഹൃദ്രോഗം ഉണ്ടാകുവാനുള്ള കാരണങ്ങൾ, ഹൃദ്രോഗികൾക്കുള്ള വ്യായാമ മുറകൾ, ആഹാരനിയന്ത്രണം എന്നിവയോടൊപ്പം എല്ലാവർക്കും പൊതുവായി ചെയ്യാവുന്ന വ്യായാമങ്ങൾ വരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കോട്ടയം കാരിത്താസ് ആശുപത്രിയിൽ റീഹാബിലിറ്റേഷൻ വിഭാഗം മേധാവിയായി സേവനമനുഷ്ഠിക്കുന്ന ഡോ. റേച്ചൽ സാമുവലിന്റെ ഈ കൃതി സാധാരണ ജനങ്ങൾക്ക് ധാരാളം അറിവ് പകരുന്ന പുസ്തകമാണ്.

*എം.കെ.*

## മാറി വരേണ്ട മാനദണ്ഡങ്ങൾ

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 14-ാം ലോക്സഭയിലേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായിരിക്കുന്നു. എല്ലാവരും വോട്ടു ചെയ്യാനും വോട്ടവകാശം വിവേകപൂർവ്വം വിനിയോഗിക്കാനുമുള്ള ആഹ്വാനം ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിലിന്റെയും തിരുവനന്തപുരം ബിഷപ്പ് സൂസൈ പാകൃത്തിന്റെയും മുംബൈ സഹായമെത്രാൻ ഫെർണാണ്ടസിന്റെയും ഇടയലേഖനങ്ങളിൽ കാണാം. ബി.ജെ.പി. നേതൃത്വത്തിലുള്ള മുന്നണിയുടെ അഞ്ചു വർഷത്തെ ഭരണം മുമ്പെങ്ങും ഉണ്ടാകാത്ത തരത്തിൽ ക്രൈസ്തവരെ പീഡന വിധേയരാക്കിയെന്നും ഇപ്പോഴും തുടരുന്ന ആ പീഡനത്തിന്റെ പശ്ചാത്തലത്തിൽ വോട്ടവകാശം ശരിയായ രീതിയിൽ വിനിയോഗിക്കണമെന്നും സെന്റ് തോമസ് ഇവാൻജലിക്കൽ ഫെലോഷിപ്പ് ബീക്കണിൽ പ്രിസൈഡിങ് ബിഷപ്പ് ഉൽബോധിപ്പിച്ചു. മതാന്ധരായ വർഗ്ഗീയക്കോമരങ്ങളെ മാറ്റി നിർത്തി എല്ലാ മതങ്ങളെയും സമഭാവനയോടെ കാണുന്ന വ്യക്തികളെ തിരഞ്ഞെടുക്കാൻ 'കുടുംബദീപ'ത്തിന്റെയും, മറ്റൊരു പരിഗണനയ്ക്കും പ്രാധാന്യം നൽകാതെ കഴിവും സ്വഭാവശുദ്ധിയുമുള്ളവരും അഴിമതിയിൽ നിന്ന് വിട്ടു നിൽക്കുന്നവരുമായ സ്ഥാനാർത്ഥികൾക്കു വോട്ടു ചെയ്യാൻ 'ചർച്ച് വീക്ക്ലി'യുടെയും ആഹ്വാനം.

ഭരണാധികാരികളുടെ ജനവിരുദ്ധസമീപനങ്ങളെ എതിർക്കുവാൻ കടപ്പെട്ടവരാണു ക്രൈസ്തവർ. വേദപുസ്തകപരവും സഭാപരവുമായ നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണിത്. എക്കാലവും പാലിക്കപ്പെട്ടു പോന്ന ദൈവകൽപ്പനയ്ക്കു വിരുദ്ധമായി രാജാധികാരത്തിന്റെ മറവിൽ പരഭാര്യയെ പരിഗ്രഹിച്ച ദാവീദിനെതിരെ ഉയർന്ന പ്രവാചകശബ്ദം അതിനുള്ള ഉജ്ജ്വലോദാഹരണം. അധികാരികളുടെ അനീതികളോടുള്ള സന്ധിയില്ലാ സമരമായിരുന്നല്ലോ ക്രിസ്തുവിന്റെ ജീവിതം. ആ മാതൃക പിൻതുടർന്നതാണ് പല സഭാപിതാക്കളും നേരിടേണ്ടി വന്ന പീഡനങ്ങൾക്കു കാരണം. ആപൽശങ്കകളില്ലാതെ ഈ നിയോഗം ഏറ്റെടുക്കാൻ തയാറായ സഭാനേതൃത്വത്തിന് അഭിനന്ദനങ്ങൾ!

> **പരിശുദ്ധാത്മാവിന്റെ പ്രേരണ– അതാകണം ആത്മീയ തീരുമാനങ്ങൾക്കുള്ള അടിസ്ഥാന പരിഗണന. അതെത്രത്തോളമുണ്ട് നമ്മുടെ സഭകളിൽ?**

രാജ്യഭരണം പോലെ പ്രധാനമാണ് സഭാഭരണവും. ആദ്യത്തേത് ഭൗതിക പ്രധാനമാണെങ്കിൽ, രണ്ടാമത്തേത് ആത്മീയതയുടെ മേഖലയാണെന്നു മാത്രം. മതജീവിതത്തിനുള്ള വിശിഷ്ട മാതൃകകളെന്നാണു സഭാനേതാക്കളെ സംബന്ധിച്ചുള്ള സങ്കൽപ്പം. നദി മുറിച്ചുകടക്കുമ്പോൾ ആദ്യം ഇറങ്ങുകയും ഒടുവിൽ മാത്രം കയറുകയും ചെയ്യുന്നവരെന്നാണു പഴയനിയമം അവരെ വിശേഷിപ്പിക്കുന്നത് (യോശുവ. 3:1–4). എല്ലാ അപകടങ്ങളിലും മുമ്പിലുള്ളവർ; എല്ലാവർക്കും ശേഷം മാത്രം സ്വരക്ഷ തേടുന്നവർ. ദൈവമക്കളുടെ സമൂഹമാണു സഭ. ആടുകൾക്ക് ഇടയന്മാരെന്ന പോലെ ജനങ്ങൾക്കു വഴികാട്ടികളായി വർത്തിക്കേണ്ടവരാണ് പട്ടക്കാരും മേൽപ്പട്ടക്കാരുമുൾപ്പെട്ട പുരോഹിതവർഗ്ഗം.

### കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

**ആദിമസഭയിൽ അപ്പോസ്തലന്മാർക്കു താഴെ മൂപ്പന്മാർ എന്ന പദവിയായിരുന്നു അവർക്ക്. അവരിൽ, സഭായോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നവർ ബിഷപ്പുമാർ എന്ന് ഇന്നു നാം അറിയുന്ന മേൽപ്പട്ടക്കാരായി. തുല്യരിൽ ഒന്നാമൻ [illegible]യാണ് മേൽപ്പട്ട സ്ഥാന[illegible]ത്.** വോട്ടു പരിഗണനയല്ല **ധാർമ്മിക മഹത്വമായിരുന്നു അദ്ധ്യക്ഷ പദവിയുടെ** മാനദണ്ഡം. പ്രശ്നങ്ങളെ **സത്യസന്ധമായി** സമീപിക്കുന്നതിനും **നീതിപൂർവകമായി** പരിഹരിക്കുന്നതിനും **ധാർമ്മികമഹത്വം** അവർക്കു കരുത്തു **നൽകി. സഭാ**ചരിത്രത്തിലെ ആദ്യത്തെ **അദ്ധ്യക്ഷനായി** നാം അറിയുന്ന യാക്കോബ് **തന്റെ തീരു**മാനങ്ങളുടെ പശ്ചാത്തലം ഇങ്ങനെ വിശദമാക്കുന്നു: നിങ്ങളുടെ മേൽ അധികഭാരം ചുമത്തരുതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി. (അപ്പോ. പ്ര. 15:28).

പരിശുദ്ധാത്മാവിന്റെ പ്രേരണ–അതാകണം ആത്മീയ തീരുമാനങ്ങൾക്കുള്ള

> **ഭരണാധികാരികളുടെ ജനവിരുദ്ധസമീപനങ്ങളെ എതിർക്കുവാൻ കടപ്പെട്ടവരാണു ക്രൈസ്തവർ. വേദപുസ്തകപരവും സഭാപരവുമായ നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണിത്. രാജ്യഭരണം പോലെ പ്രധാനമാണ് സഭാഭരണവും. 'ആദ്യത്തേത് ഭൗതിക പ്രധാനമാണെങ്കിൽ രണ്ടാമത്തേത് ആത്മീയതയുടെ മേഖലയാണെന്നു മാത്രം.**

**അടിസ്ഥാന പരിഗണന. അതെത്രത്തോളമുണ്ട് നമ്മുടെ സഭകളിൽ?** ഓർത്തഡോക്സ് **ഭദ്രാസനങ്ങളിലെ** ആസന്നമായ മെത്രാൻ **തിരഞ്ഞെടുപ്പു** പശ്ചാത്തലത്തിൽ ഈ ചോദ്യം സവിശേഷശ്രദ്ധയർഹിക്കുന്നു. മഹത്തും വിശുദ്ധവുമായ മേൽപ്പട്ട സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുമെന്നു ഭയന്ന് മരുഭൂമിയിലേക്കും മറ്റും ഓടിപ്പോയ പരിശുദ്ധ പിതാക്കന്മാരുടെ കഥകൾ നാം ഓർമ്മിക്കുക. രാഷ്ട്രീയ മാതൃക കൈക്കൊണ്ട് അധികാരത്തിന്റെയും അംഗീകാരത്തിന്റെയും മോഹവലയങ്ങളിൽ അകപ്പെട്ട് മേൽപ്പട്ട സ്ഥാനം കാംക്ഷിക്കുന്നവരാകരുത് നമ്മുടെ പട്ടക്കാർ. ആഗ്രഹിക്കുന്ന പദവിക്ക് അർഹമായ ഇടപെടൽ തങ്ങൾക്കനുകൂലമായി ഉണ്ടെന്ന് ഉറപ്പുവരുത്തുകയാണ് അവർ ആദ്യം ചെയ്യേണ്ടത്. സ്നേഹവും ത്യാഗവും ആത്മസമർപ്പണവും, സർവോപരി, യേശുവിന്റെ കുരിശു വഹിക്കാനുള്ള സന്നദ്ധതയുമാണല്ലോ മേൽപ്പട്ടത്വത്തിന്റെ മുഖമുദ്ര. ●



# മഴവെള്ള സംഭരണം

ജീവന്റെ ആധാരമായ ജലം ദൈവത്തിന്റെ ദാനമാണെന്നും ശുദ്ധജലക്ഷാമം നേരിടാനുള്ള എളുപ്പമാർഗം ശാസ്ത്രീയമായ മഴവെള്ളശേഖരണമാണെന്നും കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. ജലസമൃദ്ധമായിരുന്ന നമ്മുടെ നാട് രൂക്ഷമായ വരൾച്ചയെയും ജലക്ഷാമത്തെയും നേരിടുന്നതിനു കാരണം ജനങ്ങളുടെ ജീവിതശൈലിയും പ്രകൃതിയോടുള്ള സമീപനരീതിയുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും ധാർമിക പരിഗണനകളില്ലാതെ ചൂഷണംചെയ്യുന്ന രീതി പരിസ്ഥിതിയെ തകിടംമറിച്ചു. എന്നിട്ടും കച്ചവടത്തിന്റെ ലാഭക്കണ്ണുകൾ അവശേഷിക്കുന്ന പച്ചപ്പും നീരുറവകളും കൈക്കലാക്കാൻ തന്ത്രങ്ങൾ മെനയുകയാണ്. പരിസ്ഥിതി ഏറ്റവും രൂക്ഷമായ പ്രശ്നമായി മാറിയ സാഹചര്യത്തിൽ വെറും കാഴ്ചക്കാരായി മാറാതെ ക്രിയാത്മകമായി പ്രതികരിച്ച് പ്രകൃതിയുടെ തനിമ വീണ്ടെടുക്കാനുള്ള കടമ ഓരോരുത്തർക്കുമുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ജലക്ഷാമവും നദികളുടെ മലിനീകരണവും പ്ലാസ്റ്റിക്കിന്റെ അമിതോപയോഗവും ഊർജപ്രതിസന്ധിയും ആരോഗ്യപ്രശ്നങ്ങളുമെല്ലാം നാം പ്രതികരിക്കേണ്ട വിഷയങ്ങളാണ്. ഒഴുകിപ്പോകുന്ന ജലം ശേഖരിക്കുന്നതിനു കൃഷിയിടങ്ങളിലും പുരയിടങ്ങളിലും നീർക്കുഴികളും കാനകളും നിർമിക്കണം. വീടുകളുടെ മേൽക്കൂരയിലെത്തുന്ന മഴവെള്ളം ശാസ്ത്രീയമായ രീതിയിൽ ശേഖരിക്കണം. വെള്ളം ധൂർത്തടിക്കുന്ന പ്രവണത അവസാനിപ്പിക്കണം. ചപ്പുചവറുകളും പാഴ്‌വസ്തുക്കളും നിക്ഷേപിക്കാനുള്ള സ്ഥലമായി കുളങ്ങളും തോടുകളും കിണറുകളും മാറരുത്. വെള്ളം ഭൂമിയിൽ താഴാൻ മരങ്ങളും ചെടികളും സമൃദ്ധമായി വളരണം. ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനൊപ്പം, പ്രകൃതിക്ക് ഇണങ്ങുന്ന കൃഷിരീതികൾ പ്രയോഗിക്കണം. രാസവസ്തുക്കളും കീടനാശിനികളും ഉപേക്ഷിച്ച് ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിച്ചുള്ള സുസ്ഥിര കൃഷിസമ്പ്രദായങ്ങളാണു പ്രോൽസാഹിപ്പിക്കപ്പെടേണ്ടത്. പച്ചക്കറികളിലും പഴവർഗങ്ങളിലും വിളവെടുപ്പിനുശേഷവും രാസവസ്തുക്കളുപയോഗിക്കുന്നത് മനുഷ്യവംശത്തോടു തന്നെയുള്ള കടുത്ത അപരാധമാണ്. ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ് പ്രകൃതിയെ ചൂഷണം ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതെന്നും, ദാരിദ്ര്യനിർമാർജനവും നാടിന്റെ വികസനവും പ്രകൃതിസംരക്ഷണത്തിന് അത്യന്താപേക്ഷിതമാണെന്നും കർദ്ദിനാൾ വ്യക്തമാക്കുന്നു.

# NEWS & RESPONSES

## കെ.സി.സി.

കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ ത്രൈവാർഷിക അസംബ്ലി - 2004 കൊല്ലത്തു സമാപിച്ചു. ഒരു പുതിയ ലോക വ്യവസ്ഥിതി സൃഷ്ടിക്കുവാൻ ആഹ്വാനം ചെയ്ത സമ്മേളനം ആഗോളവൽക്കരണത്തിന്റെ പേരിലുള്ള വാണിജ്യവൽക്കരണ പ്രവണതകളെ അപലപിക്കുകയുണ്ടായി. കെ.സി.സി. യുടെ പുതിയ ഭാരവാഹികളായി താഴെപ്പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

*പ്രസിഡന്റ്:* ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ

*വൈസ് പ്രസിഡന്റുമാർ:* യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, സൗമിനി ജയൻ, സന്തോഷ്കുട്ടി, ജെ.ഡി. ജോഷ്വ

*ട്രഷറർ:* വി.സി. സാബു

## യു. സി. എം.

പതിമ്മൂന്ന് ക്രൈസ്തവ സഭാവിഭാഗങ്ങളുൾപ്പെട്ട യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് എന്ന എക്യുമെനിക്കൽ സംഘടനയുടെ പുതിയ സാരഥികളായി താഴെപ്പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ് : ഷെവ. കോശി എം. ജോർജ് (യാക്കോബായ സഭ)

ജനറൽ സെക്രട്ടറി : പി. എൽ. മാത്യു (മാർത്തോമാ സഭ)

ട്രഷറർ : ജ്യോതി സത്യനേശ് (സി.എസ്.ഐ.)

അംഗസഭകളെ പ്രതിനിധാനം ചെയ്ത് 13 വൈസ് പ്രസിഡന്റുമാരെയും കേന്ദ്ര കമ്മിറ്റിയിലേക്ക് 12 അംഗങ്ങളെയും തിരഞ്ഞെടുക്കുകയുണ്ടായി. തിരുവനന്തപുരം സെന്റ് പീറ്റേഴ്സ് പാരിഷ് ഹാളിൽ ചേർന്ന വാർഷികയോഗത്തിൽ പുതിയ ഭരണസമിതി ചുമതലയേറ്റു. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിന്റെ ഭാഗമായി 2004-05 ചാരിറ്റി വർഷമായി ആചരിക്കാൻ തീരുമാനവുമെടുത്തു.

## WCC Assembly

The ninth assembly of the World Council of Churches will meet at the Pontifical Catholic University, Brazil, from 12-24 Feb. 2006. The theme of the session will be "God, in your grace, transform the world." The assembly is expected to attract over 3,000 people including 700 delegates, official observers from other churches, advisers and visitors.

## പ്രതികരണങ്ങൾ

I write this with reference to the tone of the articles published in New Vision, in general. It appears to me that you have taken it up as a mission to propagate 'wider ecumenism' which amounts to accepting the dogmas of all religions. This is in contrast with the ecumenism which has to be nurtured and promoted as a means of achieving unity among the different christian denominations so that the High Priestly prayer of our Lord becomes reality.

Tolerance is a great quality that we attribute to Hinduism (distinct from today's Hindutva). A genuine Hindu can accept all religions and all gods without in anyway diluting his core Hindu beliefs. I remember Dr. Rajendra Prasad, the first President of India, explaining in one of his speeches that there are innumerable paths to reach the hill top meaning that the aim of all religions is the same although the paths differ. But such large-heartedness is alien to the teachings of the Bible. Here it is one God, One Way, One Mediator, One Door to reach the destination and that is Jesus Christ. This uniqueness of our Lord is at the core of the Christian faith.

Unfortunately, we find highly respected christian leaders lending support to the idea of multiple paths to attain the goal. Surely it will not be the Christianity preached by St. Paul, St. Peter or St. John. The present trend of falsifying the teachings of the Bible and embracing all religions in wider ecumenism reminds me of Akbar, the great Mughal Emperor who tried to evolve a new religion. But that did not survive him, inspite of his greatness as a ruler of men. The present day Akbars need to take heed lest they land in the same pitfall.

*K. P. Luke Vydhian,*
*Telecom Gen. Manager (Retd.), Bangalore*

■ ■

### ക്രിസ്തുവിന് അനന്യതയുണ്ടോ?

ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ യോഹന്നാൻ ഒഴികെ മറ്റുള്ളവരെല്ലാം രക്തസാക്ഷികളായി മരിച്ചു. അവർക്ക് ഇന്നത്തെ പല മെത്രാപ്പോലീത്തമാർക്കും വൈദികർക്കുമുള്ള ഉൾക്കാഴ്ചയോ വെളിപ്പാടോ ഇല്ലാതെ പോയതിൽ നാം ദുഃഖിക്കണോ? അവർ മാത്രമല്ല, അനേക സഭാപിതാക്കന്മാരെയും ലക്ഷക്കണക്കിനു വിശ്വാസികളെയും, അനാവശ്യമായി, മരിച്ച ഭോഷന്മാരായി ചിത്രീകരിക്കുന്ന പുതിയ ഉൾക്കാഴ്ചയും വിശദീകരണവും അംഗീകരിച്ച് മറ്റു മതവിഭാഗങ്ങളോടു മാപ്പു പറഞ്ഞ് ലോകമെങ്ങുമുള്ള സുവിശേഷീകരണപ്രസ്ഥാനങ്ങൾ അടച്ചു പൂട്ടണമോ? ക്രിസ്തുവിനെ നല്ലയൊരു ഉപദേഷ്ടാവായോ, അല്ലെങ്കിൽ മറ്റൊരു ദൈവമായോ അംഗീകരിക്കാൻ അസംഖ്യം ദൈവങ്ങളുള്ള ഹിന്ദുമതത്തിനു ബുദ്ധിമുട്ടില്ല. അതുപോലെ, ക്രിസ്തുവിനെ ഒരു പ്രവാചകനായി മാത്രം അംഗീകരിക്കാൻ ഇസ്ലാംമതം തയാറാണ്. എന്നാൽ ക്രിസ്തു ശക്തമായി നടത്തിയ അവകാശവാദങ്ങൾ എക്കാലത്തും പുതിയ വ്യാഖ്യാതാക്കൾക്ക് തലവേദന സൃഷ്ടിക്കുന്നവയാണ്. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെ വാതിൽ ഞാൻ ആകുന്നു. എനിക്കു മുമ്പ് വന്നവർ ഒക്കെയും കള്ളന്മാരും കവർച്ചക്കാരും അത്രെ..... ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവർ രക്ഷപെടും.

*ജോർജ് വർഗീസ്, നെടുങ്ങാടപ്പള്ളി*

> When her husband's will was read, a widow learned that he had left the bulk of his fortune to another woman. Enraged, she rushed to change the inscription on her spouse's tombstone.
>
> "Sorry, lady," said the stonecutter. "I inscribed *Rest in Peace* as per your orders. I can't change it now."
>
> "Very well," the widow said grimly. "Just add *Until we meet again.*"

# THE COMMUNION OF CHURCHES IN INDIA

## DECLARATION

We, the delegates from the Church of North India, the Church of South India and the Mar Thoma Church, assembled at Santhigiri, Aluva, Kerala from 7th to 10th March 2004, while thanking God Almighty for enabling us to come together, declare that we are one in Jesus Christ and convey the following message to the Churches in India. The Communion of Churches has been constituted as a common united expression of the life and witness of the founding churches-Church of North India, Church of South India and The Mar Thoma Church. Our spiritual pilgrimage for this journey began in 1973 with the constituting of the Joint Theological Commission, which resulted in the formation of the Joint Council of Churches in 1978. The effectiveness and relevance of this vision led us to formally form the Communion of Churches in India. We are in full communion in acceptance of the Bible, the Creeds and the mutual acceptance of one another's Baptism, Eucharist and Ministry.

**The CCI:**

Aims to serve as a common organ for visible manifestation of unity, witness and service.

Will assist the churches to address the issues affecting and threatening life.

Will focus on issues of peace, justice and integrity of creation.

Will explore new avenues to share and affirm God's love through diakonia.

**We Affirm**

We have now formally accepted a common lectionary and liturgy to affirm our common identity and oneness in worship.

We see this as a divine moment to affirm unity in an increasingly divided world.

We affirm that this vision for unity and action will capture a holistic vision as we respond to God's call to discipleship.

We, the Communion of Churches in India have now embarked upon this vision to affirm, promote, protect and sustain life, as our Biblical principle.

We affirm that the contemporary context of the country demands our united response through mission and action.

We now declare ourselves as the Communion of Churches in India.

We invite all other churches to join in this pilgrimage of communion.

*On behalf of the General Assembly of the Communion of Churches in India.*

*Signed by the Presidium*

**Most Rev. Dr. Philipose Mar Chrysostom Mar Thoma Metropolitan**

**Most Rev. Z. James Terom, CNI Moderator**

**Most Rev. Dr. B. P. Sugandhar, CSI Moderator.**

NEW VISION FOR A CHANGING WORLD

**JUNE 2004**

Registered with the Registrar of Newspapers for India
under No. KER BIL/2000/1543

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05







Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam